# പ്രയാണം

(നാടകം)



ഡോ. പി. എം. ജോസഫ്.

www.malankaralibrary.com

# പ്രയാണം

(നാടകം)

ഡോ. പി. എം. ജോസഫ്. എം. ഏ. പി. എച്ച്. ഡി.

www.malankaralibrary.com

# പ്രയാണം

(നാടകം)

രചന:

ഡോ. പി. എം. ജോസഫ്. എം. ഏ. പി. എച്ച്. ഡി.

പ്രശാന്തി, അഗസ്ത്യക്കോട്, അഞ്ചൽ. പിൻ. 691 306.

കവർ:

വിജയൻ, വീനസ് ആർട്ട്സ് അഞ്ചൽ.

അച്ചടി:

സെൻറ് ജോൺസ് പ്രസ്സ് അഞ്ചൽ-

ഒന്നാം പതിപ്പ്!

കോപ്പി 1000 1985 ഫെബ്രുവരി.

പകർപ്പവകാശം:

സരിതാ പബ്ളിക്കേഷൻസ്, അഞ്ചൽ.

വില. ക. 6

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

## തിരുത്ത്.

19-ാംപേജിൽ 28-ാംവരിയിൽ കത്തോലിക്കാ എന്നതു് ''യാക്കോബായ'' എന്നും, 21-ാം പേജിൽ കോക്രേസ് എന്നതു് ''കോക്രേകസ്'' എന്നും 27-ാം പേജിൽ അവസാനഭാഗത്തു് വർക്കിയുടെ സംഭാഷണം ''പരുമല സെമിനാരിയിൽ എഴുന്നള്ളിത്താമസിച്ച ദീവന്നാസിയോസ് തിരുമേനിയെ ചെന്നുകണ്ടു് അനുഗ്രഹം വാങ്ങിച്ചിട്ടാ മാർ ഈവാനിയോസ് തിരുമേനി മെത്രാഭിഷേകത്തിനു വന്നതു്'' എന്നും 52-ാംപേജിൽ 28-ാംവരിയിൽ പരിശ്രുത്താൽ എന്നതു് ''പരിശ്രമത്താൽ'' എന്നും തിരുത്തി വായിക്കാനപേക്ഷ.

www.malankaralibrary.com

# ആമുഖം

മാർ ഈവാനിയോസ് തിരുമേനിയുടെ ജന്മശതാബ്ദിയാഘോഷങ്ങൾ 1983 ഡിസംബർ 27, 28 തീയതികളിൽ തിരുവല്ലായിലെ ബഥനി സമൂഹം സംഘടിപ്പിച്ച വിവിധ പരിപാടികളോടെയാണ് സമാപിച്ചത്. ആ പരിപാടികളിലെ അവസാനത്തെ ഇനമായിരുന്നു ഈ നാടകം.

അന്നത്തെ ബഥനി പ്രിയോർ ജനറൽ റവ. ഫാ. ബർക്കുമൻസ് O I C അവർകളുടെ സ്നേഹപൂർവ്വമായ നിർബന്ധംകൊണ്ടാണ് ഞാനീ നാടകം രചിക്കാൻ ഒരുമ്പെട്ടത്. അക്കൊല്ലം ഓഗസ്റ്റ് മധ്യം മുതൽ സെപ്തംബർ മധ്യംവരെ തൃശ്ശൂർ അരണാട്ടുകരയുള്ള സ്കൂൾ ഓഫ് ഡ്രാമയിൽ തീയേറ്റർ പ്രാക്ടീസിൽ ഒരു തീവ്രപഠന കോഴ്സിനു ഞാൻ തിരഞ്ഞെടുക്കപ്പെട്ടിരുന്നു. അവിടെനിന്നു കിട്ടുന്ന പരിശീലനവും നാടകരചനയ്ക്കു പ്രയോജനപ്പെട്ടേക്കാമെന്നുള്ളതുകൊണ്ട് കോഴ്സ് കഴിഞ്ഞേ നാടകം എഴുതിത്തുടങ്ങുകയുള്ളു എന്ന് ഞാൻ ബന്ധപ്പെട്ടവരെ അറിയിച്ചിരുന്നു. അരണാട്ടുകരനിന്നു മടങ്ങിവന്ന ശേഷം ഞാൻ തിരുവല്ലാ ബഥനി ആശ്രമത്തിലെ ഫാ. പൊസേന്തിയുമായി ചില ചർച്ചകൾ നടത്തുകയും നാടകരചന ആരംഭിക്കുകയും ചെയ്തു. നാടകം എഴുതിത്തു

www.malankaralibrary.com

ടങ്ങിയപ്പോഴാണ് ബുദ്ധിമുട്ട് ശരിക്കും ബോധ്യമായത്. ഇത് ഒരു ചരിത്രപുരുഷനെകുറിച്ചുള്ള നാടകമാണ്. അദ്ദേഹത്തിന്റെ ജീവചരിത്രം മാത്രമല്ല. അദ്ദേഹം ജീവിച്ചിരുന്ന കാലഘട്ടത്തിന്റെ ചരിത്രവും അക്കാലത്തെ സാമൂഹ്യവ്യവസ്ഥിതികളും മനസ്സിലാക്കേണ്ടതുണ്ട്. മാർ ഈവാനിയോസ് തിരുമേനിയെ രംഗത്ത് അവതരിപ്പിക്കാൻ ഒരു നടനെ കിട്ടുന്നതും ദുഷ്കരമായിരുന്നു. യുഗപ്രഭാവനായ തിരുമേനിയുടെ ഘനഗംഭീരമായ ശബ്ദവും കുലീനമായ ചേഷ്ടകളും അനുകരിക്കാൻ ആർക്കാണു കഴിയുക? നാടകത്തിന്റെ സംവിധാനം ഫാ. പൊന്നേത്തിയായിരുന്നു നിർവ്വഹിക്കേണ്ടിരുന്നത്. അദ്ദേഹമാകട്ടെ ഞാനാകട്ടെ മാർ ഈവാനിയോസ് തിരുമേനിയെ നേരിൽ കാണാൻ ഭാഗ്യം സിദ്ധിച്ചവരല്ലതാനും. അതിനാൽ തിരുമേനിയെ രംഗത്ത് അവതരിപ്പിക്കാതെ ഒരു കുടുംബകഥയിലൂടെ തിരുമേനിയുടെ ആശയങ്ങളെ വളർത്തിക്കൊണ്ടുവന്ന് ഒടുവിൻ മുണ്ടൻമലയിൽനിന്നുള്ള 'പ്രയാണ'ത്തോടെ നാടകം അവസാനിപ്പിക്കാൻ തീരുമാനിച്ചു. ചരിത്രപുരുഷന്മാരിൽ തിരുമേനിയുടെ പിതൃസഹോദരനായ പണിക്കർ മാത്രമേ രംഗത്തു വരുന്നുള്ളു. എന്നാൽ താസീൽദാരുടെ മകനായ ശെമ്മാശ്ശൻ, വക്കിയച്ചൻ, തോമസ് അച്ചൻ, പീലിപ്പോസ് അച്ചൻ തുടങ്ങിയ പലരിലും യഥാർത്ഥത്തിൽ ജീവിച്ചിരുന്നവരുടെ സാദൃശ്യങ്ങൾ കണ്ടേക്കാം.

തിരുവല്ലായിൽ ഈ നാടകം അഭിനയിച്ച ചെറുപ്പക്കാരിൽ പലരും ഇതിലെ പല സംഭവങ്ങളെക്കുറിച്ചും ആദ്യമായാണു കേൾക്കുന്നത് എന്നു പറഞ്ഞു. എന്നാൽ നാടകം കാണാൻ എത്തിയ തിരുമേനിമാരടക്കം പലരും പഴയ സംഭവങ്ങൾ അയവിറക്കുന്നതുകണ്ടു. പുതിയ ത

www.malankaralibrary.com

ലമുറ തിരുമേനിയെ മറന്നോ? എന്തായാലും ഇതു വാ യിക്കുമ്പോരം പല സംഭവങ്ങളെക്കുറിച്ചുമുള്ള സൂചനകരം മനസ്സിലാകാതെ വന്നേക്കാം. അവ മനസ്സിലാക്കാൻ സഹായിക്കുന്ന അടിക്കുറിപ്പുകരം ചേർക്കണമെന്നു വി ചാരിച്ചിരുന്നു. പേജുകരം ഇനിയും വർദ്ധിപ്പിക്കേണ്ടി വരുമെന്നുള്ളതിനാൽ അതു വേണ്ടെന്നുവച്ചു. സംശയം വരുമ്പോരം ഫാ: ഇഞ്ചക്കലോടി എഴുതിയ 'ആർച്ചു ബി ഷപ്പ് മാർ ഈവാനിയോസ്'' എന്ന ജീവചരിത്രഗ്രന്ഥ ത്തിന്റെ രണ്ടു വാല്യങ്ങളും, 'ഗിരിദീപ'വും വായിക്കു ക. സമുദായക്കേസ്, പാത്രിയർക്കീസിന്റെ അധികാ രം സംബന്ധിച്ച തർക്കങ്ങരം, കൂനൻകുരിശുസത്യം, ബെ ഥനിയെ മുടക്കിയതു് ഒടുവിൽ സത്യമായ സഭ റോമാ സ ഭയാണെന്നു മനസ്സിലാക്കി എല്ലാം ഉപേക്ഷിച്ചു് മുണ്ടൻമ ലയിൽനിന്നു നടത്തിയ ''പ്രയാണം'' ഇവയെല്ലാം ച രിത്ര സത്യങ്ങളാണു്. ഈ പ്രയാണത്തിൽ ഇന്നും ആളു കരം പങ്കുചേരുന്നു. അവർക്കു് തിരുമേനിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങരം മനസ്സിലാക്കാൻ ഈ കൃതി ഉപകരിക്കുമെ ങ്കിൽ ഞാൻ ധന്യനായി.

യുവാക്കരം ഈ നാടകം ഇടവകകളിൽ അഭിനയിക്കു ട്ടെ. അവസാനരംഗം അവതരിപ്പിക്കാൻ വിഷമമാണെ ങ്കിൽ നാലാം രംഗം കഴിഞ്ഞു് ഒരു നിഴൽ നാടകമായി ''പ്രയാണം'' പ്രദർശിപ്പിച്ചാലും നാടകം വിജയിക്കുമെ ന്നു എനിക്കുറപ്പുണ്ടു്. നാടകം അഭിനയിക്കാൻ ആഗ്രഹി ക്കുന്നവർ ഗ്രന്ഥകാരനുമായി ബന്ധപ്പെട്ടാൽ എല്ലാ സഹാ യ സഹകരണങ്ങളും ചെയ്തുകൊടുക്കുന്നതാണു്.

ഈ നാടകം തിരുവല്ലായിൽ അഭിനയിച്ച നടീനട ന്മാരും സംവിധാനംചെയ്ത ഫാ: പൊന്നേത്തിലും ശരി

www.malankaralibrary.com

ക്കം അഭിനന്ദനം പിടിച്ചുപററി. പങ്കെടുത്ത എല്ലാവരുടേയും പേരുകൾ ഇപ്പോൾ ഓർക്കുന്നില്ല. അവരുടെ വിജയകരമായ പ്രകടനമാണ് ഇതു പുസ്തകരൂപത്തിൽ പ്രസിദ്ധീകരിക്കുവാൻ എനിക്കു പ്രചോദനം തന്നതു്. വിനയപൂർവ്വം ഞാൻ ഈ കൃതി സഹൃദയസമക്ഷം സമർപ്പിക്കുന്നു.

പ്രശാന്തി, അഞ്ചൽ, എന്നു്,

14—2—1985. ഡോ. പി. എം. ജോസഫ്.

www.malankaralibrary.com

# പ്രയാണം

## രംഗം 1

ഒരു ധനികക്രൈസ്തവ കുടുംബത്തിലെ പൂമുഖം. ഈട്ടിയിൽ കടഞ്ഞെടുത്ത മൂന്നുനാലു കസേരകളും ഒരു പീഠവും രംഗത്തുണ്ട്. പിൻചുവരിൽ നടുവിലായി ഒരു വാതിൽ ഉണ്ട്. അതിനുമീതെ തന്നിൽനിന്നകലുന്ന ഉണ്ണിയേശുവിനെ നിർന്നിമേഷയായി നോക്കിയിരിക്കുന്ന കന്യകാ മേരിയുടെ ഒരു ചിത്രം. വാതിലിന്റെ വലതു വശത്തായി ഗൃഹനായകനായ പീലിപ്പോച്ചന്റെയും ഇടതു വശത്ത് എം. ഏ. അച്ചന്റേയും ചിത്രങ്ങൾ ചില്ലിട്ടുവച്ചിരിക്കുന്നു.

ഏലിയാമ്മ_ഗൃഹനായിക-45 വയസ്സിനടുത്തപ്രായം, മുണ്ടും ചട്ടയും കാതിൽ വാളിയും വേഷം; ഒരു തലയിണയുറ തയ്ച്ചുകൊണ്ടിരിക്കുന്നു. ഇടയ്ക്കിടെ ഇടതുവശത്തെ വാതിലിലൂടെ പുറത്തേക്കു നോക്കുന്നുണ്ട്. ഒരു പഴയ പാട്ടുചെറുതായി മൂളുന്നുണ്ട്.

**ജോണി:** (പതിനഞ്ചുവയസ്സുപ്രായം. നിക്കറും ഷർട്ടും ധരിച്ചിരിക്കുന്നു. വലതുവശത്തുനിന്നു കടന്നു വന്ന് പുറത്തേക്കുനോക്കിയശേഷം) **ഈ വീട്ടിലേ മനുഷ്യരൊക്കെ എതിലേപോയി?**

**ഏലിയാമ്മ: തത്കാലം ഞാനൊരു പ്രേതം മാത്രമേ ഇവിടുള്ളൂ.** (ചിരിക്കുന്നു)

**ജോണി:** (ഏലിയാമ്മയെ തിരിഞ്ഞുനോക്കി, സ്നേഹപൂർവ്വം അടുത്തുചെന്ന്) **അയ്യോ! എന്റെ പൊന്നമ്മച്ചി പ്രേതമല്ല, മാലാഖയാണ്.**

www.malankaralibrary.com

ഏലിയാമ്മ: അയ്യോ! എന്നെ മാലാഖയൊന്നുമാക്കല്ലെ! ഞാൻ കേവലം ഒരു മനുഷ്യസ്ത്രീ.

ജോണി: അല്ല, എൻെറ അമ്മച്ചി എനിക്കെന്നല്ല എല്ലാവക്കും ഒരു മാലാഖതന്നെയാ.

ഏലിയാമ്മ: രണ്ടായാലും നീ എന്നെ മനുഷ്യരുടെ കൂട്ടത്തിൽ കൂട്ടുകയില്ല അല്ലേ?

ജോണി: (ചോദ്യസൂചകമായി നോക്കുന്നു)

ഏലിയാമ്മ: (എഴുന്നേററ്) അല്ല, അല്പം മുമ്പേ ഇവിടെ മനുഷ്യരാരുമില്ലെ എന്നു ചോദിക്കുന്ന കേട്ടു. അപ്പോഠംവന്നുകൂടിയ ഒരു സംശയമാ.

ജോണി: (ചിരിച്ചു) അയ്യോ! അതോ? വല്ല്യേട്ടനും അപ്പച്ചനും വന്നില്ലേ എന്നു ചോദിക്കുകയായിരുന്നു.

ഏലിയാമ്മ: നിൻെറ വല്ല്യേട്ടൻ മാതൃഭൂമിക്കു സ്വാതന്ത്ര്യം നേടിക്കൊടുത്തുകഴിഞ്ഞേ ചിലപ്പോ വരികയൊള്ളായിരിക്കും.

ജോണി: നാലുമണിക്കു ഞാൻ പള്ളിക്കൂടം വിട്ടുവരുമ്പോഠം എൻെറ കൂടെയിരുന്നു കാപ്പികുടിച്ചിട്ടേ വല്ല്യേട്ടൻ പുറമേ പോകാറുള്ളു.

ഏലിയാമ്മ: ഇന്നു പതിവുതെററിക്കാണും. എവിടെയെങ്കിലും ജാത്തായോ മീററിങ്ങോ വല്ലതുംകാണും,

ജോണി: അപ്പച്ചൻ മലയിൽ വെടിക്കുപോയിട്ട് രണ്ടു ദിവസമായില്ലേ? എന്താ വരാത്തത്?

ഏലിയാമ്മ: വൈകുന്നതിനുമുമ്പ് വരുമായിരിക്കും. ഇന്നു ശെമ്മാശ്ശൻ വരുന്ന ദിവസമല്ലേ?

ജോണി: (ഉത്സാഹത്തോടെ) കൊച്ചേട്ടനെ കൂട്ടിക്കൊണ്ടു വരാൻ ഞാൻ ബസ് സ്റ്റാൻഡിൽപോയി നില്ക്കട്ടെ?

ഏലിയാമ്മ: വേണ്ട.

ജോണി: (മുഖം മങ്ങുന്നു)

www.malankaralibrary.com

ഏലിയാമ്മ: (വിശദീകരിക്കുമ്പോലെ) വണ്ടിവരുമ്പോ ഠം രാത്രിയാവില്ലേ? മോൻ പോയി പഠിക്ക്,
(എഴുന്നേററ് അകത്തേക്കു നടക്കുന്നു.)

ജോണി: (ഇടതുവശത്തെ വാതിലിനടുത്തുചെന്ന് പുറത്തേക്കു നോക്കി ഉച്ചത്തിൽ) അമ്മച്ചീ! വരുന്നൊണ്ട്.

ഏലിയാമ്മ: (മടങ്ങിവന്ന്) അദ്ദേഹമാണോ?

ജോണി: അല്ല, ഇദ്ദേഹമാ. (വിരൽ ചൂണ്ടുന്നു)

(മത്തായി, നാല്പത്തഞ്ചുവയസ്സ് പ്രായം, മുണ്ടും തോർത്തും വേഷം, ജീവിതക്ലേശത്തിൻെറ മുറിപ്പാടുകഠം മുഖത്തും ശരീരത്തും കാണാം; പ്രവേശിക്കുന്നു)

മത്തായി: രണ്ടുപേരുംകൂടെ ശെമ്മാശ്ശൻെറ വഴിനോക്കി ഇരിക്ക്യാരിക്കും. അങ്ങുന്നു വന്നില്ല്യോന്നാ?

ജോണി: അപ്പൻ എത്തിയില്ല.

മത്തായി: തമ്പിക്കുഞ്ഞോ?

ജോണി: വല്ല്യേട്ടൻ (പടയാളിയെപ്പോലെനിന്ന്) മാതൃഭൂമിക്കു സ്വാതന്ത്ര്യം നേടിയെടുക്കാൻ പോയിരിക്കയാ.

മത്തായി: ആ: ഇന്നു കവലേവച്ചു ജാത്തായും മീററിങ്ങവും ഉണ്ടല്ലോ. (അല്പം കഴിഞ്ഞ്) അങ്ങുന്നിൻെറ മോൻ രാച്യത്തിനുവേണ്ടി ഇവിടെപ്പട. എൻെറ മോൻ അവിടെപ്പട,

ഏലിയാമ്മ: ചാക്കോയുടെ എഴുത്തുവരുന്നുണ്ടോ മത്തായി?

മത്തായി: ത്രിശിനാപ്പള്ളീന്ന് ഒരു മാസംമുമ്പ് ഒരു എഴുത്തു വന്നാരുന്നു.

ഏലിയാമ്മ: എന്തൊള്ള വിശേഷം?

മത്തായി: കൊമ്പഞ്ഞിക്കാരടെ കപ്പിണികളൊത്തിരി ശീമയ്ക്കു പോവാൻ ആലോശനയൊണ്ടാരുന്നു. കൈസറു തോററുകൊണ്ടിനി പോണ്ടാത്രേ. (ആലോചിച്ചു) ഇനി ഒഴിവുകിട്ടി അവൻ വരുമ്പം, കർത്താവിൻെറ

www.malankaralibrary.com

കൃപയൊണ്ടായിട്ട് രണ്ടു കല്ല്യാണം ഒരുമിച്ചു നടത്ത ണംന്നാ മത്തായീടെ മനസിലെ വിശാരം, ചാ ക്കോച്ചൻേറം അന്നക്കുട്ടീടേം.

ഏലിയാമ്മ: അന്നക്കുട്ടിക്കു ആലോചന വല്ലതും വരുന്നു ണ്ടോ?

മത്തായി; ആല്ലോശന വന്നിട്ടെന്നാകൃതം? എല്ലാവനും അഞ്ചൂറൊന്നു പണത്തിൽകൊറച്ചു ശോദ്യമില്ലാ, സ്രീദനം. സാദനത്തിനൊക്കെ എന്നാ വെലയാ? ഒരു തുണിമേടിച്ചുടക്കാനൊക്കുവോ? ഒരു ശൃത്തം വരുത്തിവച്ച വിന നോക്കണേ!... പിന്നെ മോൻ മാസാമാസം അഞ്ചുരുവായേലും അയസ്കുന്നതുകൊ ണ്ട് തള്ളയില്ലാത്ത അഞ്ചാറു പരാധീനങ്ങള് കുടി ച്ചും കുടിയാതേം അങ്ങനെ കഴിയുന്നു. (ദീർഘനി ശ്വാസം) അവൻ പിരിഞ്ഞുപോരുമ്പോഴം ഒരു തൊക കിട്ടാതിരിക്കത്തില്ലെന്നാ പറേന്നെ. അവൻ വന്നിട്ട് ഈ പെരനെറഞ്ഞുനിക്കുന്നു പെണ്ണിനെ ഒ ന്നെറക്കി വിട്ടാ ഞാൻ ജയിച്ചു.

ഏലിയാമ്മ: മത്തായി ബസ് സ്റ്റാൻറിലോട്ടു പോക ത്തില്ല്യോ?

മത്തായി; കൊള്ളാം, ശെമ്മാശ്ശൻ വരുമ്പോഴം പെട്ടിയെ ടുക്കാൻ ഞാനവിടെ കാണും. നേരം കൊറച്ചൂടെ ഒ ണ്ടല്ലോന്നും കണ്ടാ. അങ്ങുന്നു വന്നോന്നു നോക്കാ മെന്നും കരുതി. ഞാൻ പോട്ടേ?

ഏലിയാമ്മ: നില്ല്. കാപ്പികുടിച്ചേച്ചുപോകാം.

(മത്തായി സന്തുഷ്ടനായി നിൽക്കുന്നു.)

ജോണി: മത്തായിച്ചേട്ടാ!

മത്തായി: എന്തുവാ കുഞ്ഞേ!

ജോണി: മത്തായിച്ചേട്ടൻ യുദ്ധം കണ്ടിട്ടൊണ്ടോ?

www.malankaralibrary.com

മത്തായി: ഹാ! ഒണ്ടോന്നു്! ശ്രുത്തംന്നുവച്ചാ മത്തായിക്കു പച്ചവെള്ളം പോലെയാ.

ജോണി: എങ്ങനെയാ യുദ്ധം നടക്കുന്നതു്?

മത്തായി: രണ്ടു രാച്യക്കാരടേം പട്ടാളക്കാരു് രണ്ടു വശത്തായിട്ടു് വരിവരിയായി അങ്ങാ നില്ക്കും. അവരുടെ കയ്യിലു് വാളും പരിശേം, കുന്തോം തോക്കും വെടിയുണ്ടേം, തീക്കുടുക്കേം—

ജോണി: തീക്കുടുക്കയോ?

മത്തായി: എന്നുവച്ചാ വല്ല്യ ഏറുപടക്കം. ഇങ്കിരിയേശിൽ അതിനു ബോമ്പെന്നു പറേം. ആ, അങ്ങനെ അങ്ങു നിക്കുമ്പം; അങ്ങേക്കക്ഷീലെ വല്ല്യ ഏമാനിട്ടു് ഇങ്ങേക്കക്ഷീലെ വല്ല്യ ഏമാൻ കയറി ഒററ അടിയാ. പിന്നെ അവിടെ അടീടേം വെടീടേം ഒരു പെരുന്നാളാ.

(ജോണിയും മത്തായിയും ചിരിക്കുന്നു ഏലിയാമ്മ കാപ്പിയും പലഹാരങ്ങളും ആയി കടന്നുവരുന്നു.)

ഏല്യീയാമ്മ: ഇതാ മത്തായീ കാപ്പി.

മത്തായി: (കാപ്പി വാങ്ങി ആർത്തിയോടെ കുടിച്ചിട്ടു് പലഹാരങ്ങൾ തോർത്തിൽ പൊതിഞ്ഞുകെട്ടിക്കൊണ്ടു്) മാവുണ്ടേം കൊഴലപ്പോമൊക്കെ ശെമ്മാശ്ശനുവേണ്ടി പെഷലായിട്ടൊണ്ടാക്കിയതായിരിക്കും.

ഏലിയാമ്മ: സ്പെഷലായിട്ടൊണ്ടാക്കിയതു് തോർത്തുമുണ്ടിൽ പൊതിഞ്ഞുകെട്ടുന്നതെന്തിനാ?

മത്തായി: (ജാള്യതയോടെ) വീട്ടിലഞ്ചാറു പരാദീനങ്ങളു കെടക്കുന്നില്ല്യോ? അവുത്തുങ്ങക്കു കൊണ്ടോയി കൊടുക്കാനാ.

ഏലിയാമ്മ: അതിനു ഞാൻ പ്രത്യേകം തരാം. ഇതു് മത്തായി തിന്നു്. (അകത്തേക്കു് പോകുന്നു.)

www.malankaralibrary.com

മത്തായി: (പലഹാരം പുറത്തെടുത്തു തിന്നുകൊണ്ടു്) മാവുണ്ടേം കൊഴലപ്പോം മത്തായിക്കിഷ്ടമില്ലാഞ്ഞിട്ടൊന്നുമല്ല. നസ്രാണീടെ പലഹാരങ്ങളല്ല്യോ!

ജോണി: ഈ നസ്രാണീന്നുവച്ചാലെന്നതാ മത്തായിച്ചേട്ടാ.

മത്തായി: നസ്രാണീന്നുവച്ചാ ക്രിസ്ത്യാനി. അങ്ങു പലസ്തീനായി നസ്രത്ത് എന്നൊരു സ്ഥലമൊണ്ടു്. അവടെയാ മിശിഹാതമ്പുരാൻ വളന്നതു്. നമ്മെളൊക്കെ മിശിഹാതമ്പുരാൻെറ ആരക്കാരല്ല്യോ.

ജോണി: നമ്മളൊക്കെ എങ്ങനെയാ മത്തായിച്ചേട്ടാ, ക്രിസ്ത്യാനികളായതു്?

മത്തായി: ഹാ! അതു കുഞ്ഞിനിതുവരേ മനസ്സിലായിട്ടില്ല്യോ? മിശിഹാതമ്പുരാൻെറ പ്രിയപ്പെട്ട ശിഷ്യനല്ല്യോ നമ്മടെ മാർതോമ്മാശ്ലീഹാ. മിശിഹാതമ്പുരാൻ സൊക്ഗ്ഗത്തു പോകുന്നതിനുമുമ്പേ മാർതോമ്മാശ്ലീഹായെ വിളിച്ചുപറഞ്ഞു. ''മോനേ! തോമ്മാ, നീ കപ്പലേക്കേറി മലയാളനാട്ടിച്ചെന്നു എല്ലാവരേം മാമ്മോദീസാ മുക്കണം'' എന്നു്. അങ്ങനെ തോമ്മാശ്ലീഹാ ഇവിടെ വന്നിട്ടല്ലേ നമ്മടെയൊക്കെ വല്ല്യപ്പന്മാരു സത്യവേദത്തിച്ചേർന്നതു്!

ഏലിയാമ്മ: (പ്രവേശിച്ചു്, ഒരു പൊതി നീട്ടി) ഇന്നാ മത്തായീ, കൊണ്ടുപോയി കുഞ്ഞുങ്ങൾക്കു് കൊടു്.

മത്തായി: (സന്തോഷത്തോടെ രണ്ടുകൈയും നീട്ടിവാങ്ങി) വേണ്ടോരുന്നു. അമ്മച്ചിയെ ദൈവം അനുഗ്രഹിക്കും. എന്നാ ഞാനങ്ങോട്ടു് ചെല്ലട്ടേ? ഇതു കുഞ്ഞുങ്ങക്കു കൊണ്ടോയിക്കൊടുത്തേച്ചു് മത്തായി ഒററ ഓട്ടത്തിനു് അങ്ങു വണ്ടീത്തടത്തിൽ എത്തും. (പോകുന്നു.)

ജോണി: (പുറത്തേക്കുനോക്കി) അമ്മച്ചീ!

ഏലിയാമ്മ: എന്താ മോനേ!

www.malankaralibrary.com

ജോണി: എന്നാലെ—
ഏലിയാമ്മ: ഊം.
ജോണി: വരുന്നൊണ്ടു്.
ഏലിയാമ്മ: ആരാ മക്കളേ?
ജോണി: അപ്പച്ചനും പണിക്കരെ വീട്ടിലേ അച്ചായനും കൂടി വരുന്നൊണ്ടു്.

(ഒരു വില്ലുവണ്ടിവന്നുനിൽക്കുന്ന ശബ്ദം. ഏലിയാമ്മ നടുവിലുള്ള വാതിലിനു പിന്നിൽ മറയുന്നു. ജോണി ഇടതുവശത്തെ വാതിലിനു പിന്നിലും. വെളിയിൽ സംസാരം. ''അതു കൊണ്ടാ ഞാൻ പറഞ്ഞതു്, സമുദായക്കേസിൽ നമ്മള് ജയിക്കുമെന്നു്— ആ: എടാ. ആ കെട്ടു് എടുത്തു് അപ്പുറത്തോട്ടു വച്ചേരെ''

ഇടതുവശത്തുനിന്നു പീലിപ്പോച്ചൻ പണിക്കരോടു് ഒന്നിച്ചു പ്രവേശിക്കുന്നു. പീലിപ്പോച്ചനു് അമ്പതുവയസിലധികം പ്രായം വരും. ഗൗരവം തോന്നിക്കുന്ന മുഖത്തു് ജൃംഭിച്ചുനിൽക്കുന്ന കൊമ്പൻ മീശ കൂടുതൽ ഗൗരവം പകരുന്നു തോളിൽ ഒരു സഞ്ചിയും തോക്കുമുണ്ടു്. പണിക്കർക്കു് അറുപതു് വയസു കഴിഞ്ഞിരിക്കുന്നു. മുമ്പോട്ടു് അല്പം വളഞ്ഞാണു നടക്കുന്നതു്. ആകെ നരച്ചിരിക്കുന്നു)

പീലിപ്പോച്ചൻ: (തോളിൽനിന്നു തോക്കും സഞ്ചിയും എടുത്ത ശേഷം) ഏലിയാമ്മേ!
ഏലിയാമ്മ: എന്തോ!
പീലിപ്പോച്ചൻ: ഇന്നാ! ഇതങ്ങോട്ടു വച്ചേരു്.

(ഏലിയാമ്മ മുമ്പോട്ടുവന്നു ഭവ്യതയോടേ വാങ്ങി. പണിക്കരെനോക്കി ഒന്നു ചിരിച്ചശേഷം അകത്തേക്കുപോയി)

പീലിപ്പോച്ചൻ: ഇരിക്കച്ചായാ! (കസേര നീക്കിയിടുന്നു)
(രണ്ടുപേരും ഇരിക്കുന്നു)
പീലിപ്പോച്ചൻ: (വലതുവശത്തേക്കുനോക്കി) കുടിക്കാൻ എന്നാ ഒണ്ടെടീ?
ഏലിയാമ്മ: (അകത്തുനിന്നു്) കാപ്പികൊണ്ടുവരാം. ഉടൻ.
പീലിപ്പോച്ചൻ: (പണിക്കരോടു്) വട്ടശ്ശേരിൽ ദിവന്നാസിയോസിനെ മുടക്കിയ നടപടി ശരിയല്ലെന്നു

www.malankaralibrary.com

കോടതി വിധിവരും. അയ്യങ്കാരൊരുപക്ഷേ നമ്മ ക്കെതിരായി വിധിച്ചാൽ ഹൈക്കോടതിയിൽപോ കും. അവിടെ സായിപ്പാ ഇരിക്കുന്നതു്. അദ്ദേഹ ത്തിനു സമുദായക്കാര്യങ്ങൾ മനസിലാകാതെ വരി കയില്ല.

(ജോണി അപ്പച്ചൻ കാണാതെ പിന്നിലൂടെ പതുക്കെ നീങ്ങി നീങ്ങി അകത്തേക്കു രക്ഷപ്പെടുന്നു.)

പണിക്കർ: മുടക്കുന്നതിനുമുമ്പു സുന്നഹദോസുകൂടി വി സ്തരിക്കണം. അതുണ്ടായിട്ടില്ല.

പീലിപ്പോച്ചൻ: അതാ പറഞ്ഞതു് കേസു നമ്മളു ജ യിക്കും.

പണിക്കർ: കേസു ജയിച്ചാലും അകന്നുപോയ മനസു കൾ അടുക്കണമല്ലോ.

പീലിപ്പോച്ചൻ: നിക്കക്കള്ളിയില്ലാതെ വരുമ്പോൾ ത നിയെ അടുത്തോളും. (ആത്മഗതമെന്നോണം) ശെടാ! അന്ത്യോഖ്യാ പാത്രിയർക്കീസിനു മലങ്കരയിൽ ലൗ കികാധികാരം എന്നെങ്കിലും ഉണ്ടായിരുന്നോ?

പണിക്കർ: ലൗകീകാധികാരം വകവച്ചു കൊടുക്കുവാൻ ഇവിടെ ആളുണ്ടായിട്ടല്ലേ?

പീലിപ്പോച്ചൻ: പോർത്തുഗീസുകാരുടെ കാലത്തു നടക്കാ ത്തതാ, ഇനി ഇപ്പോളിവിടെ നടക്കാൻ പോകു ന്നതു്.

(ഏലിയാമ്മ പ്രവേശിച്ചു രണ്ടു പ്ലേററിൽ പലഹാരങ്ങളും ര ണ്ടു ഗ്ലാസിൽ കാപ്പിയും പീഠത്തിൽവച്ചിട്ടു് മാറി, ഒതുങ്ങി നിൽക്കുന്നു.)

പണിക്കർ: (പുഞ്ചിരിയോടെ) മോൻ വരുന്നതു പ്രമാ ണിച്ചൊള്ള ഒരുക്കങ്ങളായിരിക്കും, അല്ലേ ഏലി യാമ്മേ?

ഏലിയാമ്മ: (പുഞ്ചിരിക്കുന്നു)

www.malankaralibrary.com

പക്കണിക്കർ: (കാപ്പി കൈയിലെടുത്തു് പലഹാരങ്ങളിൽ ഒന്നു കണ്ണോടിച്ചു്) എനിക്കേ മാവുണ്ട തിന്നാൻ പററില്ല.

പീലിപ്പോച്ചൻ: അച്ചായനു പ്രമേഹമാ. ശർക്കരയും പഞ്ചസാരയും പാടില്ല. കൊഴലപ്പം തിന്നാൻ പല്ലും പോര. (പണിക്കരോടായി) എനിക്കു വയസു് അമ്പത്തു കഴിഞ്ഞു, കർത്താവിന്റെ കൃപകൊണ്ടു യാതൊരു അസുഖോം എനിക്കില്ല. ആ: ഏലിയാമ്മേ! വേട്ടയ്ക്കുപോയിട്ടു ഒരു മ്ളാവിനെ കിട്ടി. നിന്റെ പാചകസാമർത്ഥ്യം ഒക്കെ ഇന്നു കാണണം. ശെമ്മാശ്ശൻ വരുന്ന ദിവസമല്ലേ? അന്നക്കൊച്ചുണ്ടോ?

ഏലിയാമ്മ: ഉണ്ടു്. അവരു രാവിലെ മുതൽ അടുക്കളയിൽ പരിശ്രമമാ.

പീലിപ്പോച്ചൻ: എന്നാൽ നീയും ചെല്ലു്. പണിക്കരച്ചായനെ നമുക്കു് അത്താഴമൂട്ടിവേണം വിടാൻ.

ഏലിയാമ്മ; കാപ്പി ഒരു പാത്രംകൂടെ?

പീലിപ്പോച്ചൻ: ആ, കൊണ്ടുവാ. നല്ല ദാഹം.

(ഏലിയാമ്മ അകത്തേയ്ക്കു പോകുന്നു.)

പീലിപ്പോച്ചൻ: അബ്ദുള്ളാ പാത്രിയക്കീസു് ദീവന്നാസിയോസിനെ മുടക്കിയപ്പോഠ അബ്ദു മിശിഹാ പാത്രിയക്കീസിനെ മലങ്കരയിൽകൊണ്ടുവന്നു് കാതോലിക്കയെ വാഴിച്ചതു് ബുദ്ധിയായി.

പണിക്കർ: എല്ലാം നമ്മുടെ ഗീവർച്ചന്റെ ബുദ്ധിയല്ലേ?

(ഏലിയാമ്മ രണ്ടു ഗ്ളാസ്സുകളിൽ കാപ്പികൊണ്ടുവച്ചശേഷം പാത്രങ്ങഠ എടുത്തുകൊണ്ടുപോകുന്നു.)

പീലിപ്പോച്ചൻ: (എഴുന്നേററു്) പണിക്കരച്ചായോ, ഗീവർച്ചൻ അച്ചായന്റെ ചേട്ടന്റെ മകനാ. കുട്ടിക്കാലം മുതലേ ഗീവർച്ചനെ ഞാനറിയും. എന്റെ മക്കളേക്കാഠ എനിക്കു് അദ്ദേഹത്തോടു സ്നേഹമാ. അദ്ദേഹത്തിനു്എന്നോടുള്ള ആത്മാർത്ഥതയും വലുതാ.

www.malankaralibrary.com

(എം. ഏ. അച്ചന്റെ പടത്തിലേക്കനോക്കി) അദ്ദേഹത്തിന്റെ വളർച്ചയിൽ എനിക്ക അഭിമാനം തോന്നുന്നു.

പണിക്കർ: (ഓർമ്മിച്ച്) അബ്ദുള്ളാ പാത്രിയർക്കീസിനെ ബോംബേയീന്ന് എതിരേററുകൊണ്ടുവരാൻ ഗീവർഗ്ഗീസനേം അയച്ചിരുന്നല്ലോ. ഏതായാലും മണിക്കൂർ നേരത്തെ പരിചയംകൊണ്ടുതന്നെ പാത്രിയർക്കീസ്ബാവാ അച്ചന്റെ കഴിവുകരം മനസിലാക്കി. ദീവന്നാസിയോസുമായി ബാവാ പിണങ്ങിയാൽ അച്ചൻ ബാവായുടെക്കൂടെ നിൽക്കമോ എന്നു ചോദിക്കകയുംചെയ്തു.

പീലിപ്പോച്ചൻ: (വീണ്ടും ഇരുന്നിട്ട്) അതിനൊന്നും എന്റെ ഗീവർഗ്ഗീസനെ കിട്ടുകേല. നമ്മുടെ കർത്താവീശോ മിശിഹായും യോഹന്നാൻ ശ്ലീഹായും തമ്മിലൊള്ള ബന്ധമാ ദീവന്നാസിയോസും ഗീവർഗ്ഗീസും തമ്മിൽ ഒള്ളത്.

പണിക്കർ: മലങ്കരയിലെ വഴക്കുകളും മര്യാദയില്ലായ്മയുംകൊണ്ട നമ്മുടെ കുഞ്ഞിന്റെ മനസ്സുമടിച്ചു എന്നു തോന്നുന്നു. കോട്ടയത്തുവച്ച് കുഞ്ഞിനെ കൊല്ലാൻപോലും അവർ ശ്രമിച്ചില്ലേ?

പീലിപ്പോച്ചൻ: സെറാമ്പൂരിലെ പ്രൊഫസ്സർ ഉദ്യോഗംകൊണ്ട പീലിപ്പോച്ചൻ ഒരു പടികൂടെ കയറി.

പണിക്കർ: (സ്വയം മറന്ന്) അങ്ങനെ പലപടികരം കയറിക്കയറി ഒടുവിൽ (പീഠത്തിൽ വച്ചിരുന്ന കാപ്പി ഓർക്കാതെ തട്ടിയിടുന്നു)

പീലിപ്പോച്ചൻ: (ഉച്ചത്തിൽ ജോണീ) ജോണീ!

ജോണി: (മധ്യത്തിലെ വാതിലിന്റെ പിന്നിൽനിന്ന്) എന്തോ!

പീലിപ്പോച്ചൻ: ഇവിടെ വാടാ.

(ജോണി ഭയസംഭ്രമാദികളോടെ മുമ്പോട്ടുവരുന്നു.)

www.malankaralibrary.com

പീലിപോച്ചൻ: എന്താടാ മിഴിച്ചു നില്ക്കുന്നതു്? ഗ്ലാസ്സു കൊണ്ടുവാ.

(ജോണി ഗ്ലാസ്സുമായി പിൻവാങ്ങുന്നു)

പീലിപ്പോച്ചൻ: മുണ്ടേൽ വീണോ പണിക്കരേച്ചായാ?

പണിക്കർ: ഓ, സാരമില്ല. (തുടയ്ക്കുന്നു)

പീലിപ്പോച്ചൻ: (ഒരു ചുരുട്ടു് എടുത്തു് കത്തിച്ചുകൊണ്ടു്) കണ്ടു നാട്ടു മാർ ഈവാനിയോസ് കാലംചെയ്തല്ലോ. പുതിയ കാതോലിക്കായെ വാഴിക്കാത്തതെന്താ?

പണിക്കർ: അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ ആദ്ധ്യാത്മികാധികാരത്തെപ്പറ്റി തർക്കമില്ല എന്നാണു് ദിവന്നാസിയോസ് തിരുമേനി മൊഴി കൊടുത്തിരിക്കുന്നതു്. അപ്പോൾപിന്നെ അദ്ദേഹവുമായി എതിർത്തു മറ്റൊരു പാത്രിയർക്കീസിനെക്കൊണ്ടു പുതിയ കാതോലിക്കായെ വാഴിച്ചാൽ അതു കേസിനു ബലക്ഷയമാ.

പീലിപ്പോച്ചൻ: (ഏഴുന്നേറ്റു് അല്പസമയം ആലോചിച്ചുനിന്നു. ഒടുവിൽ സ്വപ്നത്തിലെന്നോണം) ആ: ഒരിക്കൽ നമ്മുടെ ഗീവർച്ചൻ മലങ്കരയിലെ കാതോലിക്കാ ആകയില്ലെന്നു് ആരുകണ്ടു!

(തമ്പിക്കുഞ്ഞു പ്രവേശിക്കുന്നു. 25 വയസിനടുത്ത പ്രായം. ശുഭ്രമായ ഖദർ ജൂബയും ഖദർ വേഷ്ടിയും ഗാന്ധിത്തൊപ്പിയും ധരിച്ചിരിക്കുന്നു. പൂമുഖത്തു പിതാവിനെകണ്ടു തെല്ലൊന്നമ്പരന്നു. ഗാന്ധിത്തൊപ്പി ഊരി മറച്ചുപിടിച്ചുകൊണ്ടു വലതുവശത്തെ വാതില്ക്കലേക്കു് ഒതുക്കത്തോടെ നടക്കുന്നു)

പീലിപ്പോച്ചൻ: (അതു ശ്രദ്ധിച്ചു് ഗൗരവത്തിൽ) തമ്പീ!

(തമ്പിക്കുഞ്ഞു് ചോദ്യസൂചകമായി, എന്നാൽ വിനയപൂർവ്വം പിതാവിനെ നോക്കുന്നു.)

പീലിപ്പോച്ചൻ: നീ എവിടെയായിരുന്നു.

തമ്പിക്കുഞ്ഞു്: (തെല്ല ജാള്യതയോടെ) ഞാൻ പുറത്തേക്കൊന്നിറങ്ങി.

www.malankaralibrary.com

പീലിപ്പോച്ചൻ: ഊം. (ആ മൂളലിൽ ഗാംഭീര്യം നിറഞ്ഞുനിന്നു. പിന്നെ ഓരോ വാക്കിനും ഊന്നൽ കൊടുത്തു്) നീ രാജ്യത്തിനു സ്വാതന്ത്ര്യം സമ്പാദിച്ചേ അടങ്ങൂ അല്ലേ?

തമ്പി: (മൗനം)

പീലിപ്പോച്ചൻ: എടാ, ശ്രീമൂലം തിരുനാൾ മഹാരാജവുതിരുമനസിലെ സർക്കാരിൽ തഹസീൽദാരായി ജോലിനോക്കുന്ന ഒരുവനാ നിന്റെ തന്ത. എനിക്കു് ഈ നാട്ടിൽ ഒരു സ്ഥാനമുണ്ടു്. അതു നീയായിട്ടു കളഞ്ഞുകുളിക്കരുതു്. ഊം പൊയ്ക്കോ.

തമ്പികുഞ്ഞു്: (എന്തോ പറയാനൊരുങ്ങി)

പീലിപ്പോച്ചൻ: (ഒരു മറുപടി സ്വാഗതം ചെയ്യാത്തതുപോലെ) ഊം. പോടാ.

തമ്പികുഞ്ഞു്: (അകത്തേക്കു് നടക്കുന്നു)

പണിക്കർ: പീലിപ്പോച്ചാ, കുഞ്ഞുങ്ങളോടു് കുറേക്കൂടി സൗമ്യമായി പെരുമാറിക്കൂടേ?

പീലിപ്പോച്ചൻ: സ്നേഹം മനസ്സിലേ ഉണ്ടാകാവൂ എന്നാ എന്റെ പ്രമാണം. സ്പ്രോയിൽ ദ റോഡ് ആൻഡ് സേവ് ദ ചൈൽഡ്.

പണിക്കർ: തന്നോളമായാൽ താനെന്നു വിളിക്കണം എന്നു കേട്ടിട്ടില്ലേ? തമ്പികുഞ്ഞിനും സ്വന്തമായി ചില അഭിപ്രായങ്ങളുണ്ടായിരിക്കും. അവൻ ഇന്നു് ഒരു ബിരുദധാരിയല്ലേ?

പീലിപ്പോച്ചൻ: ബിരുദധാരി! ഒരു ബിരുദവും ചുമന്നോണ്ടു നടന്നിട്ടെന്താ പ്രയോജനം? ജീവിക്കാൻ പഠിക്കേണ്ടേ? അടുത്ത ഒഴിവിൽ അവനു് ഒരു പ്രവർത്ത്യാരുദ്യോഗത്തിന്റെ കാര്യം പറഞ്ഞു വച്ചിരിക്കുകയാ. ഇങ്ങനെ ഗാന്ധിത്തൊപ്പീം കോൺഗ്രസ്സുമായി നടന്നാൽ അതു കിട്ടുമല്ലോ.

പണിക്കർ: കോൺഗ്രസ്സ് എന്നുപറഞ്ഞാൽ അത്ര നികൃഷ്ടമാണെന്നു് എനിക്കു തോന്നുന്നില്ല. ഗാന്ധിയും

www.malankaralibrary.com

നെഹ്രുവും ഒക്കെ മോശക്കാരാണോ? നമ്മുടെ ഗീവർഗ്ഗീസച്ചൻ ഗാന്ധിജിയുടെ സബർമതിയാശ്രമം സന്ദർശിക്കുകയും അവിടത്തെ ജീവിതരീതി നേരിട്ടു കണ്ടു മനസിലാക്കുകയും ചെയ്തു എന്നല്ലേ കേട്ടത്?

പീലിപ്പോസ്: ഈ അയിത്തോച്ചാടനോം ഹരിജനോദ്ധാരണോമൊക്കെ എവിടെ നടക്കാൻ പോകുന്നു? മാത്രമോ ബ്രിട്ടീഷുകാർ ഇവിടം വിട്ടുപോയാൽ പിന്നെ ഇവിടെ ക്രിസ്ത്യാനികൾക്കു വല്ല രക്ഷേമൊണ്ടോ?

പണിക്കർ: ഇൻഡ്യ ബ്രിട്ടീഷുകാരുടെ ഒരു കോളനിയായി കിടന്നാൽ സാമ്പത്തികമായി ഒരു മേൽഗതീം ഒണ്ടാകത്തില്ല. പോർത്തുഗീസുകാരുടെ മേധാവിത്വത്തിനെതിരെ പോരാടിയ നമ്മളും ആലോചിച്ചുവേണം ഇവിടെ ഒരു നിലപാട് എടുക്കാൻ. ആ: അതുപോകട്ടെ. തമ്പീകുഞ്ഞിനു സർക്കാരുദ്യോഗം വേണ്ട എന്നല്ലേ പറയുന്നത്. അവനു നമ്മുടെ പള്ളിവക ഇംഗ്ലീഷു പള്ളിക്കൂടത്തിൽ ഒരു അധ്യാപകന്റെ ജോലി കൊടുക്കാൻ ആലോചിച്ചുവച്ചിരിക്കയാ. അതുപോരെ?

പീലിപ്പോസ്: വാധ്യാരുപണീന്നു കിട്ടുന്ന പതിനഞ്ചുരുവാടെ മാസപ്പടീംകൊണ്ട് അവൻ ജീവിക്കുമോ?

പണിക്കർ: ഏഴുരൂപാ ശമ്പളമൊള്ള മലയാം പള്ളിക്കൂടം വാധ്യാരും ജീവിക്കുന്നില്ലേ?

പീലിപ്പോച്ചൻ: (ദീർഘനിശ്വാസം) ആ: നോക്കാം.

(കുടമണികളം കിലുങ്ങുന്ന ശബ്ദം കാളയെ തെളിക്കുന്ന ശബ്ദത്തോടൊത്തുയരുന്നു. ഒരു വില്ലുവണ്ടി വന്നുനിന്നു. ജോണി കസേരയുടെ പിൻഭാഗത്തുകൂടി ഇടത്തുവശത്തെ വാതില്ക്കലേക്കു നടന്നു.)

ജോണി: (പുറത്തേക്കുനോക്കിക്കൊണ്ട്) ശെമ്മാശ്ശൻ വന്നു. വേറെ അച്ചന്മാരുമൊണ്ട്. (തിരിഞ്ഞ് ഉച്ചത്തിൽ) അമ്മേ! ശെമ്മാശ്ശൻ വന്നു.

www.malankaralibrary.com

പീലിപ്പോച്ചൻ: മതിയെടാ കെടന്നു തൊള്ളതുറന്നതു്.

(വലതു വശത്തെ വാതിലിൽനിന്നു ഏലിയാമ്മയും തമ്പിക്കുഞ്ഞും പ്രവേശിച്ചു് ഒതുങ്ങിനിൽക്കുന്നു. ഇടത്തേ വാതിലിലൂടെ ശെമ്മാശൻ പ്രവേശിക്കുന്നു. തിരിഞ്ഞു ആരെയോ അകത്തേക്കു് ആനയിക്കുന്നതായി ഭാവിച്ചശേഷം മുമ്പോട്ടുനീങ്ങി പിതാവിനെയും പണിക്കരെയും നമസ്കരിക്കുന്നു. ജോണിയുടെ തോളിൽ കൈ ഇട്ടുകൊണ്ടു് അമ്മയെയും ജ്യേഷ്ഠനേയും നോക്കി ചിരിക്കുന്നു. അപ്പോഴേക്കും സ്റ്റേജിൻെറ ഇടതുഭാഗത്തു് രണ്ടു ശെമ്മാശന്മാർ പ്രത്യക്ഷപ്പെടുന്നു. മത്തായി ഒരു പെട്ടിയുമായി പ്രവേശിച്ചു് അകത്തേക്കു നടക്കുന്നു.)

ശെമ്മാശ്ശൻ: അപ്പച്ചാ, ഇവർ എൻെറകൂടെ സെറാമ്പൂരിൽ പഠിക്കുന്നവരാ. ഇദ്ദേഹം വർക്കി. മറേറയാം തോമസ്.

(അവർ രണ്ടുപേരും പീലിപ്പോച്ചനേയും പണിക്കരേയും നമസ്ക്കരിക്കുന്നു.)

പീലിപ്പോസ്: ഇരിക്കിൻ മക്കളെ! (കസേര ചൂണ്ടിക്കാട്ടുന്നു. അവർ ഇരിക്കുന്നു.) യാത്രയൊക്കെ സുഖമായിരുന്നോ?

തോമസ്: ഉച്ചയ്ക്കു ഞങ്ങറം ട്രെയിനിൽ കൊട്ടാരക്കര എത്തി. പിന്നെ ഒരു വില്ലുവണ്ടിയിൽ ഇങ്ങോട്ടു പോരികയുംചെയ്തു.

ശെമ്മാശ്ശൻ: (ജോണിയുടെ തോളിൽ കൈയിട്ടുകൊണ്ടുതന്നെ അമ്മയുടെ അടുത്തേക്കു നീങ്ങി) ശ്യോ! അമ്മച്ചി അപ്പിടി നരച്ചുപോയല്ലോ.

ഏലിയാമ്മ: വയസായില്ലേ മോനേ? (മക്കറം മുവരുമൊത്തു് ഏലിയാമ്മ അകത്തേക്കുപോകുന്നു.)

പീലിപ്പോച്ചൻ: എന്തൊക്കെയുണ്ടു വിശേഷം? എം.എ. അച്ചൻ എങ്ങനെയിരിക്കുന്നു?

തോമസ്: അദ്ദേഹത്തിൻെറ പാണ്ഡിത്യത്തെക്കുറിച്ചു് എല്ലാവക്കും വലിയ മതിപ്പാണു്.

പണിക്കർ: പ്രൊട്ടസ്റ്റൻറുകാരുടെ കോളേജാണു് നമ്മുടെ

www.malankaralibrary.com

കുട്ടികരം അവിടെ പഠിച്ചു വരുമ്പോരം അവരുടെ രീതിയായിപ്പോകത്തില്ലേ?

വർക്കി: എം. എ. അച്ചനുള്ളപ്പോരം അക്കാര്യമൊക്കെ ഭദ്രമാണു്. ഒരു ഇരുനിലക്കെട്ടിടം വാടകയ്ക്കെടുത്തു അതിലാണു ഞങ്ങരം താമസിക്കുന്നതു്. അതിൽ ഒരു ഹാരം ഉള്ളതു് അച്ചൻ ചാപ്പലാക്കിമാററി. അവിടെ സുറിയാനികുർബ്ബാനേം യാമപ്രാത്ഥനേം മുടങ്ങാതെ നടക്കുന്നു.

(ഏലിയാമ്മ കാപ്പിയും പലഹാരങ്ങളുമായി പ്രവേശിച്ചു് പീഠത്തിന്മേൽ വയ്ക്കുന്നു.)

ഏലിയാമ്മ; (പീലിപ്പോച്ചനോടായി) കാപ്പി ഓരോന്നുകൂടികൊണ്ടുവരട്ടേ?

പീലിപ്പോച്ചൻ: വേണ്ട.

(ഏലിയാമ്മ അകത്തേക്കു പോകുന്നു)

തോമസ്: (പലഹാരം തിന്നുകൊണ്ടു്) കൽക്കട്ടാ യൂനിവേഴ്സിററിയുടെ വൈസ്ചാൻസലർ, സർ ആശുതോഷ് മുക്കർജിയെ അച്ചൻ പോയികണ്ടു. സുറിയാനി അവിടെ ഒരു മുഖ്യ ഭാഷയായി അംഗീകരിപ്പിച്ചു. ഞങ്ങളെ അദ്ദേഹം സുറിയാനി നന്നായി പഠിപ്പിക്കുകയും ചെയ്യുന്നുണ്ടു്.

പീലിപ്പോച്ചൻ: (സന്തുഷ്ടനായി) നമ്മുടെ ഗീവർച്ചൻ സമർത്ഥനാണെന്നേ.

പണിക്കർ; സെറാമ്പൂർ കോളേജിൻെറ മാതൃകയിൽ കോട്ടയത്തു ഒരു വൈദിക കോളേജ് തുടങ്ങണമെന്നു ഗീവർച്ചൻ കാണുമ്പോഴൊക്കെ പറയാറുണ്ടായിരുന്നു.

തോമസ്; വിദ്യാഭ്യാസത്തെ സംബന്ധിച്ചു് അദ്ദേഹത്തിനു വ്യാപകമായ കാഴ്ചപ്പാടുണ്ടു്. തിരുവിതാംകൂറിൽനിന്നു് ഒട്ടേറെ യുവതികളെ അദ്ദേഹം കൽക്കട്ടയിലെ വിവിധ കോളേജുകളിൽചേർത്തു് പഠിപ്പി

www.malankaralibrary.com

ക്കുന്നുണ്ട്. തിരുവല്ലയിൽ ഒരു ബാലികാമഠം സ്ഥാപിച്ച് നമ്മുടെ പെൺകുട്ടികളുടെ വിദ്യാഭ്യാസം ഭംഗിയായി നടത്തുന്നതിനുള്ള ആദ്യത്തെ ചുവടു വെപ്പാണത്.

വർക്കി: ഇപ്പോഴം അദ്ദേഹത്തിൻെറ മനസിൽ കോട്ടയത്തെ വൈദിക കോളജിനേക്കാളം പ്രിയങ്കരമായ മറെറാരാശയം കടന്നുകൂടിയിട്ടുണ്ട്.

പീലിപ്പോച്ചൻ: എന്താണത്?

വർക്കി: മലങ്കരസഭയിലെ അന്തഃഛിദ്രങ്ങളം അദ്ദേഹത്തെ വളരെ വേദനിപ്പിക്കുന്നുണ്ട്. അവരുടെ ആധ്യാത്മിക ജീവിതം വളരെ ശോച്യമായ ഒരു അവസ്ഥയിലാണ് എന്ന് അദ്ദേഹം കരുതുന്നു.

പീലിപ്പോച്ചൻ: അതിന്?

വർക്കി: സന്യാസികളുടെ ഒരു സമൂഹം അർപ്പണബോധത്തോടെ പ്രവർത്തിനിരതമാകണമെന്നാണ് അദ്ദേഹം പറയുന്നത്. ടാഗോറിൻെറ ശാന്തിനികേതനത്തിലും ഗാന്ധിജിയുടെ സബർമതിയിലും ഒക്കെ പോയി അദ്ദേഹം ആശ്രമജീവിതത്തെക്കുറിച്ച് പഠിച്ചുകൊണ്ടിരിക്കുകയാണ്. കൽക്കട്ടയിൽതന്നെയുള്ള റോമാക്കാരുടെ സന്യാസസഭകളുമായും അദ്ദേഹം ബന്ധപ്പെട്ടുവരുന്നു.

പീലിപ്പോച്ചൻ: അതിൻെറ ആവശ്യം എന്താ? റോമാക്കാരും നമ്മളുമായി എന്തു ബന്ധം?

വർക്കി: അവരുടെ സന്യാസസഭകളുടെ പ്രവർത്തനരീതി മനസിലാക്കുന്നതിൽ കുഴപ്പമില്ലല്ലോ.

തോമസ്: പ്രവർത്തനരീതി മനസിലാക്കി മനസിലാക്കി, ഒടുവിൽ റോമാക്കാരുടെകൂടെ അങ്ങു കൂടുന്നമട്ടാ.

പീലിപ്പോച്ചൻ: എന്തോന്ന്?

www.malankaralibrary.com

തോമസ്: അല്ല, ഞാൻ പറഞ്ഞെന്നേയുള്ളൂ. ക്ലാസ്സെടുക്കമ്പോഴും കത്തോലിക്കാ സഭയെക്കുറിച്ച് പറയാനാണ് എം. ഏ. അച്ചന് ഏറെയിഷ്ടം.

പീലിപ്പോച്ചൻ: അതുവ്വോ?

(ശെമ്മാശ്ശൻ അകത്തുനിന്നു ഇറങ്ങിവരുന്നു.)

തോമസ്: (ശെമ്മാശനെ ചൂണ്ടി) ഒരു ദിവസം ഇദ്ദേഹം എഴുന്നേററ് ഒരു ചോദ്യം. ''സത്യമായ സഭ റോമ്മാസഭയോ'' എന്നു്.

ശെമ്മാശ്ശൻ: ഒള്ളതാ അപ്പച്ചാ. സഹികെട്ടപ്പോഠം ഒരു ദിവസം ഞാൻ അങ്ങനെ ചോദിച്ചു.

പീലിപ്പോച്ചൻ: (കൗതുകപൂർവ്വം) എന്നിട്ടെന്തു മറുപടി പറഞ്ഞു!

ശെമ്മാശ്ശൻ: യേശുക്രിസ്തു സ്ഥാപിച്ചതു യാക്കോബായ സഭ അല്ലെന്നും റോമാസഭ ആണോ എന്നു് കൂടുതൽ പഠിച്ചേ പറയാൻ സാധിക്കുകയുള്ളൂ എന്നുമാണു പറഞ്ഞതു്.

പീലിപ്പോച്ചൻ: (ക്ഷോഭിച്ചു്) അപ്പോഠം കൂട്ടത്തിലുള്ളവരെ തള്ളിപ്പറയാൻമാത്രം വളന്നു.

പണിക്കർ: (അനുനയപൂർവ്വം) ആ: ആപ്രശ്നമൊക്കെ തത്ക്കാലത്തേക്കു വിടാം നമുക്കു്. അപ്പോഠം ശെമ്മാശ്ശൻ പറയുന്നതു് വൈദികകോളജ് കോട്ടയത്തു തുടങ്ങുന്നതിനുള്ള പരിപാടി ഗീവർഗ്ഗീസച്ചൻ ഉപേക്ഷിച്ചു എന്നാണോ?

വർക്കി: മിക്കവാറും അങ്ങനെതന്നെ. കിഴക്കൻ മലകളിൽ എവിടെയെങ്കിലും കുറെ സ്ഥലം സമ്പാദിച്ചു് അവിടെ ഒരു ആശ്രമം സ്ഥാപിക്കണം എന്നാണു് അദ്ദേഹം നിശ്ചയിച്ചിരിക്കുന്നതു്.

പണിക്കർ: ഇലഞ്ഞിക്കൽ ജോൺ വക്കീലുമായി ആലോചിച്ചു വടശേരിക്കരെയുള്ള മുണ്ടൻമലയിൽ ക

www.malankaralibrary.com

റെ സ്ഥലം നോക്കണമെന്നു് എനിക്കു എഴുതിയി രുന്നു. അതു് ആശ്രമത്തിനുവേണ്ടിയാണല്ലേ?

വർക്കി: അതെ. ഞങ്ങൾ ഇപ്പോൾതന്നെ അവിടെ ഒരു വക സന്യാസജീവിതമാണു് കഴിക്കുന്നതു്.

പീലിപ്പോച്ചൻ: (കാര്യങ്ങളുടെ പോക്കു് ഇഷ്ടപ്പെടാതെ) ആകട്ടെ എവിടുന്നാ ഇതിനൊക്കെ പണം? കൈ യിൽ വല്ലതും മിച്ചം പിടിച്ചിട്ടുണ്ടായിരിക്കും.

തോമസ്: പ്രൊഫസറുദ്യോഗത്തിൽനിന്നു കിട്ടുന്ന വരു മാനത്തിനുപുറമേ സർവ്വകലാശാല പരീക്ഷകളിൽ പരീക്ഷകനായിരുന്നും നല്ല വരുമാനമുണ്ടു്. ആ ണ്ടോടാണ്ടു പതിനായിരം രൂപയോളം വരും.

പീലിപ്പോച്ചൻ: വട്ടിപ്പണനിക്ഷേപത്തിന്റെ ഒരാണ്ട ത്തെ പലിശയോളം ഉണ്ടല്ലോ, കരുതൽ വല്ലതും കാണും.

വർക്കി: ഇല്ല. വരുമാനം മുഴുവൻ സമുദായത്തിൽപ്പെട്ട ഓരോരുത്തരുടെ വിദ്യാഭ്യാസത്തിനായി ചെലവ ഴിക്കുകയാണു്.

ശെമ്മാശ്ശൻ: സമുദായത്തിന്റെ ചെലവിൽ എം. ഏ. അ ച്ചനും കുറെ പഠിച്ചതല്ലേ? മനസാക്ഷിക്കുത്തുകാണും.

(കുറെ നേരത്തേക്കു നിശ്ശബ്ദത. അല്പം കഴിഞ്ഞു വർക്കിയും തോമസ്സും എഴുന്നേററു)

വർക്കി<br>തോമസ് } എന്നാൽ ഞങ്ങൾ പോയിവരട്ടെ?

പീലിപ്പോച്ചൻ: (ചിന്തയിൽനിന്നു ഞെട്ടിയുണർന്നു്) എ ന്നാൽ അങ്ങനെയാകട്ടെ. മത്തായീ!

(മത്തായി പ്രവേശിക്കുന്നു)

പീലിപ്പോച്ചൻ: ഇവരെ വില്ലുവണ്ടിയിൽ വീട്ടിലാക്കി വാ.

(ശെമ്മാശന്മാർ എല്ലാവരെയും തൊഴുതു യാത്രയാകുന്നു. രണ്ടു ചുവടു നടന്നിട്ടു് തിരിഞ്ഞുനിന്നു്)

www.malankaralibrary.com

തോമസ്
വർക്കി } അമ്മയോടും തമ്പിക്കുഞ്ഞിനോടും ഞങ്ങൾ പോയി എന്നു പറഞ്ഞേക്കുക. പിന്നെവരാം.

(യാത്രയാകുന്നു. മത്തായി അനുഗമിക്കുന്നു. കുടമണികളുടെ ശബ്ദം. അകന്നകന്നുപോകുന്നു.)

പീലിപ്പോച്ചൻ: (ശെമ്മാശനോട്) മോൻപോയി ഈ ഉടുപ്പൊക്കെ ഒന്നഴിച്ചിട്ട് വിയർപ്പടങ്ങുമ്പോൾ കുളിക്ക്. യാത്രാക്ഷീണം കാണും.

(ശെമ്മാശൻ അകത്തേക്കു നടക്കുന്നു)

പണിക്കർ: ഞാനും എറങ്ങട്ടെ പീലിപ്പോച്ചാ.

പീലിപ്പോച്ചൻ: അതെന്തൊരുപോക്കാ? അത്താഴമുണ്ടിട്ടു പോകാമെന്നേ?

പണിക്കർ: വേണ്ട പീലിപ്പോച്ചാ. കണ്ണുകാണാമ്പകലേ ഞാനങ്ങു പോകട്ടെ. (അനുമതിക്കു കാത്തുനിൽക്കാതെ നടക്കുന്നു.)

(പീലിപ്പോച്ചൻ എഴുന്നേററ് എം. എ. അച്ചന്റെ ചിത്രത്തിൽ അല്പം സമയം നോക്കിനിന്നിട്ട് കൈ പിന്നിൽകെട്ടി ഉലാത്തുന്നു.)

ഏലിയാമ്മ: (പ്രവേശിച്ച്) അച്ചായനങ്ങു പോയോ?

പീലിപ്പോച്ചൻ: ഊം.

ഏലിയാമ്മ: അയ്യോ! ഊണുകൊടുത്തുവിടണമെന്നു വിചാരിച്ചാരുന്നു.

പീലിപ്പോച്ചൻ: പറഞ്ഞു. നിന്നില്ല.

(ഏലിയാമ്മ അകത്തേക്കു പോകുന്നു. ശെമ്മാശൻ പ്രവേശിക്കുന്നു. വേഷം മുണ്ടും ഷർട്ടും)

ശെമ്മാശ്ശൻ: (അല്പം കഴിഞ്ഞ്) അപ്പച്ചാ!

(പീലിപ്പോച്ചൻ തല ഉയർത്തി നോക്കുന്നു.)

ശെമ്മാശ്ശൻ: എം. ഏ. അച്ചൻ ഇനി അധികകാലം കത്തോലിക്കാ സഭയിൽ ഉണ്ടാകുമെന്നു തോന്നുന്നില്ല.

പീലിപോച്ചൻ: ഓഹോ!

www.malankaralibrary.com

ശെമ്മാശ്ശൻ: ഇപ്പോഠതന്നെ അദ്ദേഹത്തിൻെറ ജീവിത രീതി റോമക്കാരുടേതുപോലെ ആയിട്ടുണ്ട്. ശെമ്മാശ്ശന്മാരെയും ആ വഴിക്കാണദ്ദേഹം പരിശീലിപ്പിക്കുന്നതു്. ഇന്നിപ്പോഠ ഞാനും തോമസും മാത്രമേ സെറാമ്പൂരിൽ അദ്ദേഹത്തെ എതിക്കുന്നവരായുള്ളു.

പീലിപ്പോച്ചൻ: (ഇരുത്തി ഒന്നുമൂളി) എം. ഏ. അച്ചൻ സെറാമ്പൂരിൽ പ്രൊഫസറായി പോകുമ്പോഠ ഞാൻ സന്തോഷിച്ചു. വരാൻപോകുന്ന പല കയററങ്ങളിൽ ആദ്യത്തെ പടിയായിരിക്കും അതെന്നു വിചാരിച്ചു. (അൽപം കഴിഞ്ഞു്) ആ മനുഷ്യനെ പ്രോത്സാഹിപ്പിക്കുന്നതു് പാമ്പിനു പാലു് കൊടുക്കുന്നതുപോലെയാണു് എന്നു് ഇപ്പോഠ മനസ്സിലാകുന്നു.

(തിരിഞ്ഞു ശെമ്മാശനെ നോക്കുന്നു. അപ്പോഠ ആദ്യമായി കാണുമ്പോലെ. പിന്നെ പതുക്കെ നടന്നടുത്തുചെന്നു ശെമ്മാശൻെറ തോളിൽ കൈവച്ചു്, വികാരാധീനനായി.) എൻെറ മോൻ ഒരു കാര്യം ഓർത്തോണം. മോനെ ഒരു മെത്രാനായി വാഴിക്കുന്നതു കണ്ടേച്ചു മരിക്കാൻ കഴിഞ്ഞാൽ അപ്പച്ചൻ അതു് ഒരു മഹാഭാഗ്യമായി കരുതും.

ശെമ്മാശ്ശൻ: (വികാരവിവശനായി) അപ്പച്ചാ!

—കർട്ടൻ—

www.malankaralibrary.com

## രംഗം 2

ഒന്നാം രംഗത്തിലെ അതേ സ്ഥാനം. കഴിഞ്ഞ രംഗത്തിലെ സംഭവങ്ങരം നടന്നിട്ട് അഞ്ചുകൊല്ലങ്ങളോളം കടന്നുപോയിരിക്കുന്നു. എം. ഏ. അച്ചന്റെ പടം ഇപ്പോരം കാണാനില്ല. വീട്ടുപകരണങ്ങരംക്കും മാററമുണ്ട്.

തമ്പിക്കുഞ്ഞ് പൂമുഖത്തിരുന്ന ''നസ്രാണി ദീപിക'' വായിക്കുന്നു. വേഷം ഖദർ മുണ്ടും ബനസ്യനും. തോളിൽ ഒരു തോർത്തും ആവാം. മത്തായി പ്രവേശിക്കുന്നു. മുഖത്തു ജീവിതക്ലേശങ്ങളുടെ മുദ്ര തെളിഞ്ഞു കാണാം,

മത്തായി: തമ്പിക്കുഞ്ഞിന് ഇന്ന് ഒഴിവാ അല്ല്യോ?

തമ്പി: ഇന്നു ശനിയാഴ്ചയല്ലേ? പഠിത്തമില്ല.

മത്തായി: എങ്ങനെയിരിക്കുന്നു കുഞ്ഞേ ജോലി ഒക്കെ?

തമ്പി: (പത്രം മടക്കി ടീപ്പോയിയിൽവച്ച് എഴുന്നേററ്) എനിക്കിഷ്ടമാ മത്തായിച്ചേട്ടാ. പളുങ്കുപോലത്തെ മനസ്സുള്ള കുട്ടികരം. അവരെ വല്ലതും പറഞ്ഞു മനസ്സിലാക്കാൻ എത്ര എളുപ്പം!

മത്തായി: ഈ കോൺക്രേസു ജൂവായുമിട്ടോണ്ടാണോ പള്ളിക്കൂടത്തിപ്പോന്നെ? വല്ല്യേങ്ങുന്നിനെപ്പോലെ സായിപ്പന്മാരിടണ കോട്ടുമൊക്കെയിട്ടു കുഞ്ഞിനെ ഒന്നു കാണാൻ മത്തായിക്കു കൊതിയാകുന്നു.

തമ്പി: വേഷത്തിന്റെ പേരിലൊള്ള ബഹുമതിയൊന്നും എനിക്കുവേണ്ട മത്തായിച്ചേട്ടാ. ഈ നാട്ടിലെ

www.malankaralibrary.com

സാധാരണ ആളുകളെപ്പോലെ ജീവിക്കുന്നതാണെ നിക്കിഷ്ടം.

മത്തായി: അതൊള്ളതാ. പള്ളിക്കൂടത്തിവരണ പി ള്ളേർക്കും കുഞ്ഞിനെ വല്യ ഇഷ്ടമാ. അവരു പറ ഞ്ഞോണ്ടുപോണതു മത്തായി കേട്ടിട്ടൊണ്ട്. (അല്പം കഴിഞ്ഞു്) ജോണിക്കുഞ്ഞു് ഇപ്പോ വരാറില്ല്യോ?

തമ്പി: അവനിപ്പോഴം ബി. ഏ. അവസാനവർഷമല്ലേ? പഠിക്കാൻ ധാരാളമുണ്ട്. പരീക്ഷ കഴിഞ്ഞേ വരൂ. ചാക്കോയുടെ കത്തൊക്കെ വരുന്നുണ്ടോ?

മത്തായി: കഴിഞ്ഞയാഴ്ചേൽ ഒരെഴുത്തൊണ്ടാരുന്നു അവ നിപ്പോ മദ്രാസിലോട്ടു മാററമാ. (ആലോചിച്ച്) അ വിടെയാകെ കൊഴഞ്ഞുമറിഞ്ഞുകെടക്കുകാ, രാജ ഗോപാലാശാരീന്നും പറഞ്ഞൊരു ഭയങ്കരനൊണ്ടു പോലും അവിടെ. നാട്ടുകാരെയൊക്കെ പറഞ്ഞെള ക്കി അവിടെ എന്നും ശുത്തമാ. പോലീസും പട്ടാ ളോംകൂടെ ഒരു വശത്തു്. ഈ ആശാരീടെ ചട്ടമ്പി കഠം മറുവശത്തു്. ശുത്തംതന്നെ ശുത്തം. എൻെറ കുഞ്ഞിനു് ഒന്നും വരാണ്ടിരുന്നാ മതിയായിരുന്നു

തമ്പി: രാജഗോപാലാചാരി യുദ്ധത്തിനൊന്നും പോകു ന്നില്ല. ബ്രിട്ടീഷുകാരല്ല ഇൻഡ്യ ഭരിക്കേണ്ടതു്, ഇന്ത്യാക്കാരാണു്. അതു് അദ്ദേഹം ഉച്ചത്തിൽ പറ യും. കോൺഗ്രസ്സുകാരൊക്കെ പറയും. ഇന്നല്ലെങ്കിൽ നാളെ അതു സംഭവിക്കുകയുംചെയ്യും. ആകട്ടെ, വീ ട്ടിൽ എന്തൊക്കെയുണ്ടു വിശേഷങ്ങരം?

മത്തായി: അന്നക്കുട്ടിക്കു് ഒരാലോചന വന്നിട്ടൊണ്ട്. ചാക്കോ അവധിക്കു വരുമ്പോ അതു നടത്തണമെ ന്നാ എൻെറ വിചാരം.

(തോമസ് വർക്കി എന്നീ വൈദികർ പ്രവേശിക്കുന്നു. കാ ഷായ വർണത്തിലുള്ള കുപ്പായമാണു് ധരിച്ചിരിക്കുന്നതു്. കൈ

www.malankaralibrary.com

യിൽ ഓരോ ഭാണ്ഡം. തമ്പിയും വൈദികരും അന്യോന്യം അഭിവാദനംചെയ്തു ആസനസ്ഥരാകുന്നു. തമ്പിക്കുഞ്ഞു മത്തായിയെ കണ്ണുകാണിച്ചു ഇംഗിതം മനസിലാക്കിയ മത്തായി അകത്തേക്കു പോകുന്നു )

തമ്പി: ബഥനിക്കാരെല്ലാംകൂടെ എന്താപിന്നെ ഈ വഴിക്കൊക്കെ?

തോമസ്: എന്റെ തമ്പിക്കുഞ്ഞേ! എന്തു പറയാനാ? മുണ്ടൻമലയിൽ ആശ്രമവും സ്ഥാപിച്ച് ഞങ്ങളെ ബ്രാമിപ്പോഠം അവിടെയാ. കുറെ അനാഥക്കുട്ടികളെയും എടുത്തുവളത്തുന്നൊണ്ട്. എന്നാൽ ഇതിനാവശ്യമായ പണം ഉണ്ടോ? അതിനു നടന്നു പിരിവു തന്നെ പിരിവ്. (ദീർഘനിശ്വാസം) ബഥനി മെത്രാച്ചൻ ആലോചനയില്ലാത്തവനല്ലല്ലോ എന്നു കരുതി കൂടെ ഇറങ്ങിത്തിരിച്ചതാ.

വർക്കി: ബഥനിമെത്രാച്ചൻ ആലോചനയില്ലാത്തവനല്ല. അനേകനാളത്തെ പ്രാത്ഥനയുടെയും ധ്യാനത്തിന്റെയും ഫലമായിട്ടാണ് അദ്ദേഹം സന്യാസ ജീവിതം തിരഞ്ഞെടുത്തത്. ഇപ്പോഠം മെത്രാഭിഷേകം കഴിഞ്ഞിട്ടും അദ്ദേഹം ആ പാത തന്നെ പിന്തുടരുന്നു

തമ്പി: ഞാൻ തിരുമേനിയുടെ ഭാഗത്താ. മലങ്കര സഭയിലെ ഈ കേസും വഴക്കും ഗൂഢാലോചനകളും എന്തിനു വേണ്ടിയാ? വിശ്വാസത്തെച്ചൊല്ലിയാണോ? ഭൗതിക കാര്യങ്ങളിൽ മുഴുകിക്കഴിയുന്ന ഈ ജനതയുടെ കണ്ണുതുറപ്പിക്കാൻ ബഥനിത്തിരുമേനിയുടെ പ്രവത്തനങ്ങഠംക്കേകഴിയൂ.

തോമസ്: സമുദായക്കേസ് അയ്യങ്കാരുടെ കോടതിയിൽ നമുക്കെതിരായി വിധിയായി.

എന്നാലെങ്കിലും ബാവാകക്ഷിയുമായി യോജിക്കാമെന്നല്ല. അപ്പീലു പോയിരിക്കയെല്ലേ?

www.malankaralibrary.com

വർക്കി: നമ്മളും ഒരു സ്നേഹമുള്ള അമ്മയിൽ നിന്നും എടുത്തു മാററപ്പെട്ടകുട്ടികളാണു് ആ അമ്മയുടെ അടുത്തു തിരിച്ചെത്തുമ്പോഴേ നമുക്കു ശാന്തിയുള്ളൂ.

തോമസ്: ഹോ! വന്നല്ലോ പുനരൈക്യത്തിൻെറ ഒരു പ്രവാചകൻ. എൻെറ വർക്കിയച്ചാ! നമുക്കീ വിഷയം വിടാം. എനിക്കാകെ നാക്കുചൊറിഞ്ഞുവരുന്നു.

തമ്പി; കാതോലിക്കാ ബാവാ മാതൃസഭയുമായി ഐക്യപ്പെടുവാൻ റഹ്മാനി പാത്രിയർക്കീസുമായി കത്തിടപാടുകൾ നടത്തുവാൻ ബഥനിയിലെ മാർ ഈവാനിയോസ് തിരുമേനിയെ ചുമതലപ്പെടുത്തി എന്നു കേട്ടല്ലോ.

വർക്കി; ശരിയാണു്. കത്തിടപാടുകൾ പുരോഗമിച്ചുകൊണ്ടും ഇരിക്കുന്നു.

(മത്തായി കാപ്പിയും പഴങ്ങളുമായി പ്രവേശിക്കുന്നു. പീഠത്തിൽ വെക്കുന്നു. തമ്പികുഞ്ഞു എടുത്തു് അച്ചന്മാർക്കു കൊടുക്കുന്നു)

മത്തായി: കൂനൻകുരിശേൽ ആലാത്തുകയറുകെട്ടി അതേൽ പിടിച്ചു് ആയിരക്കണക്കിനു ക്രിസ്ത്യാനികൾ സത്യം ചെയ്തതാ റോമ്മാക്കാരുമായി വെന്തമില്ലെന്നു്. ഇനിയിപ്പോ വെന്തമൊണ്ടാകുമെന്നാണോ?

തമ്പി: (പുഞ്ചിരിച്ചു്) അന്നു വികാരത്തിൻെറ കോളിളക്കത്തിൽ അങ്ങനെയൊക്കെ സംഭവിച്ചു. ഇന്നു ചിന്തിക്കാൻ തുടങ്ങിയിരിക്കുന്നു.

മത്തായി: എന്നാലും സായിപ്പുതന്ന ആ ഒരു വട്ടി, പണം മേടിച്ചോണ്ടേ പോകാവൂ (എല്ലാവരും ചിരിക്കുന്നു.)

വർക്കി: മത്തായിച്ചേട്ടാ! വട്ടി നിറയെ പണം എന്നല്ല. വട്ടി എന്നാൽ പലിശ. സായിപ്പു് ബാങ്കിൽ ഒരു തുക നിക്ഷേപിച്ചു. അതിൻെറ പലിശ സമുദായത്തിൻെറ ആവശ്യത്തിനായി എടുത്തു ചെലവാക്കാം. എന്നാ വച്ചിട്ടുള്ളതു്. (തമ്പികുഞ്ഞിനോടു്) ഇരിക്കട്ടെ, ഇവിടത്തെ ശെമ്മാശ്ശൻെറ വിശേഷം എന്തുള്ളൂ?

www.malankaralibrary.com

തമ്പി: ശെമ്മാശ്ശൻ സെറാമ്പൂരിൽ ബി. ഡി.-ക്ക പഠി ക്കകയാണ്.

മത്തായി: അയ്യോ! അച്ചന്മാരു ബീഡി വലിക്കുമോ?

തമ്പി: അതു് ഒരു ബീരുദമാ മത്തായിച്ചേട്ടാ. ബി. ഏ. പോലെ.

തോമസ്: അപ്പോഠം അദ്ദേഹത്തിനു കശീശാപ്പട്ടം ഒന്നും വേണ്ടേ?

തമ്പി: അതിൻെറയൊക്കെ പിന്നിൽ അപ്പച്ചൻെറ ചില ആലോചനകളാ. ശെമ്മാശ്ശൻ നിങ്ങടെകൂടെ വരാത്തതും അപ്പച്ചൻെറ അഭിപ്രായപ്രകാരമാണ്. ശെമ്മാശ്ശൻെറ കണ്ണു് ഇപ്പോഠം ഉന്നതസ്ഥാനങ്ങളിലാണെന്നു വച്ചോളൂ.

വർക്കി: വല്യ മെത്രാൻസ്ഥാനവും നോട്ടമിട്ടിട്ടുണ്ടോ?

തമ്പി: (ചിരിക്കുന്നു) അപ്പച്ചനും ശെമ്മാശ്ശനും ലോകത്തിൻെറ പുറംമോടികളിലാണ് ഇപ്പോഴും പ്രിയം. എന്തുചെയ്യാം.

വർക്കി: തമ്പിക്കുഞ്ഞിൻെറ ദേശസേവനത്തിനൊന്നും അദ്ദേഹം എതിരുനിൽക്കാറില്ലേ?

തമ്പി: കൊള്ളാം ശ്രീമൂലം തിരുനാഠം തീപ്പെട്ടതിനുശേഷം അമ്മ മഹാറാണിയുടെ ഭരണമായി. മഹാറാണിയുടെ സർക്കാരിൽ ഒരു തഹസീൽദാരാണ് താനെന്നു പറയുന്നതു് അപ്പച്ചനു വലിയ ബഹുമാനമാണ്. ഞാനീ പാവപ്പെട്ടവരെ വിളിച്ചുകൂട്ടി എഴുത്തും വായനയും പഠിപ്പിക്കുന്നതും മററും അപ്പച്ചൻെറ നിലയ്ക്കും വിലയ്ക്കും ചേർന്നതല്ല എന്നുപറയും. സ്കൂളിൽ ജോലി കിട്ടിയശേഷം ഒന്നൊന്നരവർഷമായി ഞാൻ സ്വാതന്ത്ര്യസമര പ്രവർത്തനങ്ങഠംക്കൊന്നും പോകാറില്ല. അല്ലെങ്കിൽ അപ്പച്ചൻ അമ്മച്ചിയോടുയുദ്ധം തുടങ്ങും.

www.malankaralibrary.com

(മത്തായി ഗ്ളാസ്സുകളും പ്ലേററും എടുത്തുകൊണ്ടുപോകുന്നു)

ഏലിയാമ്മ: (കടന്നുവരുന്നു. മുടി അല്പംകൂടി നരച്ചിട്ടുണ്ട്) അച്ചന്മാർ വന്നിട്ടുണ്ടെന്നറിഞ്ഞു. ഊണു കഴിച്ചിട്ടുപോയാൽമതി കേട്ടോ? ഞാൻ അടുക്കളേലോട്ടുചെല്ലട്ടെ.

വർക്കി: (എഴുന്നേററ്) ഊണിനുനില്ക്കാൻ നേരമില്ലമ്മച്ചീ! വന്നകാര്യം പറഞ്ഞേച്ച് ഞങ്ങടെ ഒടനേ അങ്ങുപോകുകയാ. തിരക്കുണ്ട്.

(ഏലിയാമ്മ ചോദ്യസൂചകമായി നോക്കുന്നു.)

വർക്കി: മുണ്ടന്മലയിൽ ആശ്രമം തൊടങ്ങിയതൊക്കെ അറിഞ്ഞുകാണുമല്ലോ. പ്രവർത്തനങ്ങളും തുടങ്ങി. കുറെ അനാഥക്കുട്ടികളുണ്ട്. ആശ്രമത്തിലേ അന്തേവാസികളുമുണ്ട്. നിത്യച്ചെലവിനില്ലാതെ വിഷമിക്കുകയാണ്. (ഭാണ്ഡം തുറന്ന് ഹുണ്ടികപ്പെട്ടിയെടുത്ത്) ഇതു് ഇവിടെയിരിക്കട്ടെ. വല്ലപ്പോഴും ഞങ്ങളെ ഓർക്കുമ്പോൾ ഒന്നോ രണ്ടോ ചക്രം ഇതിലിട്ടുവെക്കണം. നിവർത്തികേടുണ്ടാകുമ്പോൾ ഞങ്ങടെവന്ന് എടുത്തുകൊണ്ടുപൊക്കോളാം.

ഏലിയാമ്മ: ഒന്നുപോരാ. തമ്പിക്കും ഒന്നു കൊടുത്തേരെ. അവനും വല്യ ഉദ്യോഗസ്ഥനല്ലേ?

തമ്പി: (ഭാണ്ഡത്തിൽനിന്നു ഒരു ഹുണ്ടികപ്പെട്ടി എടുക്കുന്നു) എനിക്കു ജീവിതത്തിൽ ഇതൊക്കെയാണ് ഒരു സന്തോഷം. (അല്പം കഴിഞ്ഞു്) തിരുമേനി ആശ്രമം സ്ഥാപിക്കുന്നതിനായി ഹാമിൽട്ടൻ സായിപ്പിനോട്ട് കടം വാങ്ങിയ തുകയൊക്കെ കൊടുത്തുതീർത്തുവോ?

വർക്കി: കുറെ തീർത്തു. ഇനിയും ബാക്കിയുണ്ട്. മുണ്ടന്മലയിലെ ദേഹണ്ണമൊക്കെ ശരിയായെങ്കിലേ ഒക്കെ നടക്കു.

ഏലിയാമ്മ: മത്തായിപണിക്കരുടെ രണ്ടായിരം രൂപയോ?

www.malankaralibrary.com

വർക്കി: അതു കുടുംബത്തുനിന്നു തിരുമേനി കൊടുത്തതായിരിക്കും.

ഏലിയാമ്മ: ആളുകൾ വല്ലതുമൊക്കെ സഹായിക്കുമോ?

വർക്കി: ജാതിയും മതവും നോക്കാതെ ആളുകൾ വല്ലതുമൊക്കെ സഹായിക്കുന്നു. ഒരു ഈഴവപ്പെൺകുട്ടി ഒരു ഹുണ്ടികപ്പെട്ടി നിർബ്ബന്ധമായി ചോദിച്ചുമേടിച്ച് ഒരാണ്ടുകഴിഞ്ഞു തിരിച്ചുതന്നപ്പോൾ അതിൽ പതിനാലു രൂപയുണ്ടായിരുന്നു. ഒരു പാവപ്പെട്ട പെൺകുട്ടി.

ഏലിയാമ്മ: ആ: ദൈവം നടത്തും. ഞാൻ അടുക്കളേലോട്ടു ചെല്ലട്ടെ. കച്ചേരീന്ന് ഇപ്പോൾ ഊണുകഴിക്കാൻവരും, (അകത്തേക്കു പോകുന്നു.)

തമ്പി: മാർ ഈവാനിയോസ് തിരുമേനിയുടെ മെത്രാഭിഷേകത്തിന് ദീവന്നാസിയോസ് തിരുമേനി പോകാഞ്ഞതെന്താ?

തോമസ്: അന്ത്യോഖ്യാ പാത്രിയർക്കീസിൻെറ ആത്മീയാധികാരത്തെപ്പററി തർക്കമില്ല എന്നു കോടതിയിൽ മൊഴി കൊടുത്തതല്ലേ ദീവന്നാസിയോസ് തിരുമേനി? അബ്ദുമിശിഹാ പാത്രിയർക്കീസു വാഴിച്ച കാതോലിക്കായുംകൂടിചേർന്നു ഈവാനിയോസ് തിരുമേനിയെ വാഴിക്കുമ്പോൾ അദ്ദേഹത്തിനു അവിടെ സന്നിഹിതനാകാൻ പററുമോ? ഇതു നല്ല കൂത്ത്. അപ്പീൽ കേസിനു ബലക്ഷയമാകും.

തമ്പി: ഭൗതിക ലക്ഷ്യങ്ങൾക്കുവേണ്ടി ഹൃദയബന്ധങ്ങളെപ്പോലും കശക്കി എറിയുക; വീട്ടിലായാലും സമുദായത്തിലായാലും.

വർക്കി: പരുമല സെമിനാരിയിൽ എഴുന്നള്ളിത്താമസിച്ച ദീവന്നാസിയോസ് തിരുമേനി മെത്രാഭിഷേകത്തിനു വന്നതു്.

www.malankaralibrary.com

(കുടമണികളുടെ ശബ്ദം)

മത്തായി: (തിരക്കിട്ടു പ്രവേശിക്കുന്നു. അടക്കിയ സ്വരത്തിൽ) വല്ല്യേങ്ങുന്നു വന്നു. (പുറത്തേക്കു പോകുന്നു.)

(കച്ചേരിവേഷത്തിൽ പീലിപ്പോച്ചനും, പിന്നാലെ തോല്പെട്ടി എടുത്തുകൊണ്ടു് മത്തായിയും പ്രവേശിക്കുന്നു. രംഗത്തുള്ളവർ എഴുന്നേററു ആദരവോടെ ഒതുങ്ങി നിൽക്കുന്നു, മത്തായി അകത്തേക്കുപോയി)

പീലിപ്പോച്ചൻ: (അച്ചന്മാരോടായി) ഊം?

വക്കി: (ഭവ്യതയോടേ) ബഥനിയുടെ ആവശ്യത്തിലേയ്ക്കു് ഒരു പിരിവിനിറങ്ങിയതാ.

പീലിപ്പോച്ചൻ: (പുച്ഛത്തോടെ) ബഥനി! പിരിവു്!! ഫൂ!!!

തമ്പി: അപ്പച്ചാ!

പീലിപ്പോച്ചൻ: (തമ്പിയെ സഗൗരവം നോക്കുന്നു. തമ്പി ഒതുങ്ങിക്കൂടുന്നു; അച്ചൻമ്മാരോടു്) ബഹുമാനപ്പെട്ട സന്യാസിവര്യന്മാക്കു പണമെന്തിനു്? സ്വന്തക്കാരെ ഉപേക്ഷിച്ചു് സംഘവും സമുദായവും ഇട്ടെറിഞ്ഞു ദാരിദ്ര്യവും കന്യാവ്രതവും സ്വീകരിച്ചു ജീവിക്കുന്നവക്കു പണം വേണോ?

വക്കി: പീലിപ്പോച്ചനു് അറിയാമല്ലോ ബഥനിയുടെ ജീവകാരുണ്യ പ്രവത്തനങ്ങളെക്കുറിച്ചു്?

പീലിപ്പോച്ചൻ: അറിയുമേ അറിയും. നിങ്ങടെ മെത്രാൻ തിരുമേനിയോടു് ചെന്നുപറഞ്ഞേക്കു് സമുദായവഞ്ചകന്മാക്കു സംഭാവന ചെയ്യാനുദ്ദേശിക്കുന്നതു വേറേ ചിലതാണെന്നു്.

വക്കി: പീലിപ്പോച്ചാ!

പീലിപ്പോച്ചൻ: ആ പാവം കണ്ടനാട്ടിൽ തിരുമേനിയെ പറഞ്ഞും ഭീഷണിപ്പെടുത്തിയും കരുവാക്കി, സമുദായത്തെ റോമാക്കു പണയം വെക്കാം എന്നു വിചാരിച്ചു അല്ലേ? റോമ്മായീന്നു കിട്ടുമല്ലോ പണം. പിന്നെ പിരിക്കുന്നതു് എന്തിനു്?

www.malankaralibrary.com

വക്കി: കേരള സഭ പേർസ്യൻ സഭയുടെ കീഴിൽ ആയിരുന്നപ്പോഴം റേശ്ശുപാത്രീയക്കീസായ റോമാ മാർപാപ്പയെ അംഗീകരിച്ചിരുന്നല്ലോ.

പീലിപ്പോസ്: അതൊക്കെ പഴയ കാര്യങ്ങരം.

വക്കി: പഴകിയാലും തിളക്കം നഷ്ടപ്പെടാത്ത ഒന്നാണ സത്യം. പുനരൈക്യ ശ്രമങ്ങളെക്കുറിച്ചു് കാതോലിക്കോസിനും മററു തിരുമേനിമാക്കും അറിവുള്ളതാണു്. അമ്മാതിരി ശ്രമങ്ങരം ഇതാദ്യമല്ലതാനും.

പീലിപ്പോച്ചൻ: നമ്മുടെ റീത്തു, ആചാരങ്ങളും ഇട്ടെറിഞ്ഞു് മുക്കവപ്പള്ളിയിൽ പോയിച്ചേരാൻ സാധ്യമല്ല. ഏതുബുദ്ധിമാൻ തലകുത്തിമറിഞ്ഞാലും അതു നടപ്പില്ല. നടക്കാൻ സമ്മതിക്കുകയില്ല.

വക്കി: റീത്തും പട്ടത്വവും അംഗീകരിച്ചുകൊണ്ടു് പുനരൈക്യപ്പെട്ടാലോ?

പീലിപ്പോച്ചൻ: (മൊഴിമുട്ടി) രണ്ടു പേരെ അപ്പനെന്നു വിളിക്കാൻ ഞാൻ പഠിച്ചിട്ടില്ല.

വക്കി: അക്കാര്യത്തിൽ, മാർഈവാനിയോസ് തിരുമേനി അങ്ങയെക്കാരം ഒട്ടും താഴെയാവില്ല. അദ്ദേഹം അപ്പനെന്നു വിളിക്കുന്നതു് അപ്പനെത്തന്നെയായിരിക്കും.

പീലിപ്പോച്ചൻ: (വീണ്ടും മൊഴിമുട്ടി)എനിക്കു മനസിലാകുന്നുണ്ടു് അദ്ദേഹത്തിൻെറ മാഹാത്മ്യങ്ങരം. ആദ്യകാലത്തു് അദ്ദേഹത്തിൻെറ വളർച്ചയിൽ ഞാനും അഭിമാനിച്ചിരുന്നു. ഇപ്പോരം മനസിലാകുന്നു; സമുദായത്തെ ഒററിക്കൊടുക്കുന്ന യൂദാസാണയാരം.

തമ്പി: അപ്പച്ചാ!

പീലിപ്പോച്ചൻ: ദാ! ഒന്നുപറഞ്ഞേക്കാം മേലാൽ ബഥനിയുടെ പേരും പറഞ്ഞു് ഈ പടികക്കെത്തു കയറിയേക്കരുതു്. (വെട്ടിതിരിഞ്ഞു് അകത്തേക്കു പോകുന്നു)

www.malankaralibrary.com

(അച്ചന്മാർ ഇതികർത്തവ്യതാ മൂഢരായി പുറത്തേക്കു പോകുന്നു. തമ്പി അനുഗമിക്കുന്നു.)

ഏലിയാമ്മ: (പ്രവേശിച്ച്) അച്ചന്മാരു പോയോ? (ആരെയും കാണാതെ ചുററും നോക്കുന്നു)

പീലിപ്പോച്ചൻ: (ഇറങ്ങിവന്ന്, പൊട്ടിത്തെറിക്കുമ്പോലെ) പോയതല്ല. ആട്ടിയിറക്കിയതാണ്.

ഏലിയാമ്മ: അയ്യോ! ഇതെന്നതാ ഈ പറേന്നെ?

പീലിപ്പോച്ചൻ: നോക്ക് (ഒരു കത്ത് എടുത്തു നീട്ടുന്നു) പുന്നാരമോൻ ശെമ്മാശ്ശൻ എഴുതിയ കത്താ. അവനും മുണ്ടമലേലോട്ടു പട്ടിണികിടക്കാൻ പുറപ്പെടുകയാണെന്ന്. നശിച്ച ..

ഏലിയാമ്മ: (തിടുക്കത്തിൽ) അരുതേ! നമ്മുടെ കുഞ്ഞിനെ ശപിക്കരുതേ!

പീലിപ്പോച്ചൻ: ശപിക്കയല്ല, ചുട്ടുകളയും ഞാൻ. ഒരുത്തൻ കോങ്കറസുംകൊണ്ടു നടന്ന് എനിക്കൊരു പ്രൊമോഷൻ വന്നതു് ഇല്ലാതാക്കി. ഇനി അടുത്തവൻ താന്തോന്നിത്തം തുടങ്ങിയിരിക്കുന്നു. എല്ലാത്തിനേം ഞാൻ ..

ഏലിയാമ്മ: (അനുനയത്തിൽ) അവർ കുട്ടികളല്ലല്ലോ അവരവരുടെ മനസ്സാക്ഷിക്കനുസരിച്ച്—

പീലിപ്പോച്ചൻ: ഫ! മനസ്സാക്ഷി. കുടുംബത്തിൻെറ മാനം ക്ഷയിപ്പിക്കാൻ ഉണ്ടായ പിഴച്ച—

ഏലിയാമ്മ: അല്ല. എൻെറ മക്കളു പിഴച്ചവരല്ല. ലോകത്തിൻെറ മഹത്വം അവൻ തേടുന്നില്ല. അതൊരു കുററമാണോ?

പീലിപ്പോച്ചൻ: (വീണ്ടും പൊട്ടിത്തെറിച്ച്) നീയാണെടീ

www.malankaralibrary.com

ഇതിനെല്ലാം കാരണം. നിന്നെ ഞാൻ – (ഒരു ചുവടുവച്ചശേഷം സ്വയം നിയന്ത്രിച്ച്, ആത്മഗതം) എന്തെല്ലാം പ്രതീക്ഷകളായിരുന്നു! എല്ലാം തകൎന്നു

(തലകുനിച്ച് നിരാശനായി നില്ക്കുന്നു)

ഏലിയാമ്മ: (അടുത്തുചെന്നു മുട്ടുകുത്തി കരം ഗ്രഹിച്ചുകൊണ്ടു്) നോക്കൂ! ഞാൻ ഒരമ്മയാണു്. എന്നെ എന്തുവേണമെങ്കിലും ചെയ്തുകൊള്ളൂ. എന്റെ... എന്റെ... മക്കളെ വെറുക്കരുതേ!... കൎത്താവിനെ വിചാരിച്ച് (അതൊരു തേങ്ങലായിരുന്നു)

പീലിപ്പോച്ചൻ: (തലതിരിച്ചു ഭാൎയ്യയെ നോക്കുന്നു. രോഷം തണുത്തു. മെല്ലെ കൈപിടിച്ച് അവരെ എഴുന്നേല്പിച്ചു; വികാര വിവശനായി) ഏലിയാമ്മേ!

(ഏലിയാമ്മ പീലിപ്പോച്ചന്റെ തോളിൽ തലചാച്ചു. ആ കണ്ണുകളിൽ കണ്ണീർ തുള്ളികൾ നിന്നുതിളങ്ങുന്നു. ഒരു നിമിഷം കഴിഞ്ഞു്)

—കർട്ടൻ—

www.malankaralibrary.com

## രംഗം 3

പീലിപ്പോച്ചന്റെ വീട്. കർട്ടനുയരുമ്പോൾ രംഗത്ത് ആരുമില്ല, അല്പം കഴിഞ്ഞ് പുറത്തുനിന്നു വർക്കിയച്ചൻ പ്രവേശിക്കുന്നു.

വർക്കി: നമ്പിക്കുഞ്ഞേ! തമ്പിക്കുഞ്ഞേ!

തമ്പി: (അകത്തുനിന്നും കടന്നുവരുന്നു) ഓ! അച്ചനോ? ഇരിക്കൂ. (ഇരുവരും ഇരിക്കുന്നു)

വർക്കി: അമ്മച്ചിക്കെന്തോ അസുഖമാണെന്നു കേട്ടല്ലോ?

തമ്പി: (വിഷാദത്തോടെ) കലശലായ തലവേദനയും പനിയുമുണ്ട്. രണ്ടു ദിവസംമുമ്പ് പിച്ചുംപേയും പറഞ്ഞു. ''ബധനിക്കാരെ അടിച്ചിറക്കല്ലേ? അന്നക്കുട്ടീടെ കല്ല്യാണം നടത്തണം'' എന്നൊക്കെയാണ് പറയുന്നത്.

വർക്കി: അന്നത്തെ സംഭവം തമ്പിക്കുഞ്ഞിനെയെന്നപോലെ അമ്മച്ചിയെയും വേദനിപ്പിച്ചിട്ടുണ്ട്. ആരാ ഈ അന്നക്കുട്ടി.

തമ്പി: ഇവിടെ അടുക്കളയിൽ സഹായിച്ചിരുന്ന പെൺകുട്ടിയാ. നമ്മുടെ മത്തായീടെ മോാം. അതിന്റെ കല്ല്യാണം ഉറപ്പിച്ചിരിക്കുകയായിരുന്നു. അവളുടെ മൂത്ത ആങ്ങള, ചാക്കോ പട്ടാളത്തിലാ. അയാൾ അവധിക്കുവരുമ്പോൾ നടത്താം എന്നാ വിചാരിച്ചിരുന്നത്. പക്ഷേ—

www.malankaralibrary.com

വർക്കി: എന്തുണ്ടായി?

തമ്പി: പട്ടാളവും ജനങ്ങളും തമ്മിലുണ്ടായ ഒരു ഏറ്റുമുട്ടലിൽ ചാക്കോ മരിച്ചുപോയി എന്നു കമ്പിവന്നു. ആ കുടുംബം തകർന്നു. ഇനി ആ കൊച്ചിന്റെ വിവാഹം ആരു നടത്തും? അതാണമ്മയ്ക്കു വിഷമം.

വർക്കി: (ആലോചിച്ചിരിക്കുന്നു)

തമ്പി: (എഴുന്നേറ്റു മുൻവശത്തേക്കു നടന്നു) ശത്രുവിനെ സ്നേഹിക്കുവാൻ പഠിപ്പിച്ച ക്രിസ്തുവിന്റെ അനുയായികൾ ഇവിടെ കക്ഷിവഴക്കിലും മത്സരത്തിലും ഏർപ്പെട്ടപ്പോൾ അഹിംസ ആയുധമാക്കിയ ഗാന്ധിജിയുടെ അനുയായികൾ വയററുപിഴപ്പിനു പട്ടാളത്തിൽചേർന്ന ചാക്കോയെ സോഡാക്കുപ്പി എറിഞ്ഞുകൊന്നു.

(ഇരുവരും അല്പനേരത്തേയ്ക്കു മൗനം)

വർക്കി: മരുന്നു്?

തമ്പി: കഴിക്കുന്നുണ്ടു്. അല്പം കുറഞ്ഞുനില്ക്കുന്നു. അമ്മച്ചിയുടെ മനസിനു് ഒരു തണുപ്പുകിട്ടണം. എങ്കിലേ ശരിയാകൂ.

വർക്കി: ശെമ്മാശ്ശന്റെ കത്തുണ്ടോ?

തമ്പി: കഴിഞ്ഞ ആഴ്ചയിലുണ്ടായിരുന്നു. പരീക്ഷ കഴിഞ്ഞാൽ ഉടനേ വരുമെന്നു്. ശെമ്മാശ്ശന്റെ പുതിയ തീരുമാനമറിഞ്ഞതുമുതൽ ബഥനിയോടും മെത്രാച്ചനോടും എല്ലാം അപ്പച്ചനു വലിയവിരോധമാണു്.

വർക്കി: അതു് അന്നേ മനസിലായി.

തമ്പി: എന്നെ സർക്കാരുദ്യോഗസ്ഥനാക്കാൻ ഞാൻ വഴങ്ങിയില്ല. ശെമ്മാശ്ശനെ സമുദായത്തിൽ ഒരു ഉന്നത സ്ഥാനത്താക്കുകയായിരുന്നു അടുത്ത ലക്ഷ്യം. അതു തകർത്തതു ബഥനി മെത്രാച്ചനാണെന്നു് അപ്പച്ചൻ വിശ്വസിക്കുന്നു.

www.malankaralibrary.com

വർക്കി: മെത്രാച്ചൻ പണിക്കരുവീട്ടിലുണ്ട്. ഇവിടത്തെ അമ്മച്ചിക്ക സുഖമില്ലെന്നറിഞ്ഞു. അല്പം കഴിഞ്ഞു് ഇങ്ങോട്ടുവരും, പ്രാത്ഥിക്കാൻ.

തമ്പി: ബധനിക്കാരെ ഇവിടെനിന്നു ആട്ടിയിറക്കിയ അപ്പച്ചൻ ബധനി മെത്രാച്ചനെ എങ്ങനെ സ്വീകരിക്കുമോ എന്തോ.

വർക്കി: പീലിപ്പോച്ചൻ വന്നില്ലല്ലോ.

തമ്പി: സമുദായക്കേസ് ജയിച്ച സമയമല്ലേ? പള്ളിയിൽ ആഘോഷമുണ്ടാകും.

വർക്കി: അതെ. സമുദായക്കേസ് വിധിയായി. ചീഫ് ജസ്റ്റീസ് ചാററ് ഫീൽഡ് വട്ടശ്ശേരിൽ ദീവന്നാസിയോസ് തിരുമേനിയുടെ മുടക്ക് അസാധുവാക്കി. വട്ടിപ്പണത്തിൻെറ വിഹിതത്തിനും അവകാശം അനുവദിച്ചു.

തമ്പി: സന്തോഷം

വർക്കി: സന്തോഷിക്കണോ സങ്കടപ്പെടണോ എന്നറിയില്ല. ജില്ലാക്കോടതിയിൽ അയ്യുകാരുടെ വിധി പ്രതികൂലമായിരുന്നല്ലോ. അപ്പോൾ പുനരൈക്യശ്രമങ്ങൾക്ക ആക്കം കൂട്ടുവാൻ അധികാരികൾ മാർ ഈവാനിയോസ് തിരുമേനിയെ ചുമതലപ്പെടുത്തി. കൊല്ലം മെത്രാൻ ബെൻസിഗർ തിരുമേനിയുംകൂടി രംഗത്തുവന്നപ്പോൾ കാര്യങ്ങൾ തടസ്സംകൂടാതെ പുരോഗമിച്ചുവരികയായിരുന്നു. കേസു ജയിച്ചു കഴിഞ്ഞപ്പോൾ പലരും കാലുമാറിച്ചവിട്ടുന്നു. അതാണു സങ്കടം എന്നു പറഞ്ഞതു്.

ശരി. ഞാൻ പോയി തിരുമേനിയെ കൂട്ടിക്കൊണ്ടുവരാം. (പോയി)

തമ്പി: (ആത്മഗതം) അമ്മച്ചിക്ക മരുന്നുകൊടുക്കാറായി. (അകത്തേക്ക പോയി)

www.malankaralibrary.com

പീലിപ്പോച്ചൻ: (വളരെ സന്തുഷ്ടനായി പ്രവേശിക്കുന്നു) ഏലി യാമ്മേ! ഏലിയാമ്മേ! (മറുപടിയില്ലാത്തതിനാൽ ഉത്സാഹം അല്പം കുറഞ്ഞു്) തമ്പീ!

(തമ്പി പ്രവേശിക്കുന്നു)

പീലിപ്പോച്ചൻ: (നേര്യതു് എടുത്തു് വീശിക്കൊണ്ടു്) നീയി ന്നു് പള്ളിയിൽ വന്നില്ലേ?

തമ്പി: അമ്മച്ചിയുടെ അടുത്തു ആരുമില്ലല്ലോ എന്നോ ർത്തു ഞാൻ വന്നില്ല.

പീലിപ്പോച്ചൻ: പള്ളിയോഗത്തിൽ നിന്റെ ഒരു പ്രസം ഗം വയ്ക്കണമെന്നു വിചാരിച്ചു. ആ: അമ്മച്ചി ക്കു എങ്ങനെയിരിക്കുന്നു?

തമ്പി: അങ്ങനെ കിടക്കുന്നു.

പീലിപ്പോച്ചൻ: ആ അന്ന വന്നില്ലേ?

തമ്പി: ഇല്ല.

പീലിപ്പോച്ചൻ: നന്ദികെട്ടവർഗം.

തമ്പി: അങ്ങനെ പറയരുതപ്പച്ചാ. അവരുടെ വേദന എത്ര വലുതാണെന്നു് നമ്മളോ ഓർക്കേണ്ടേ?

പീലിപ്പോച്ചൻ: അപ്പോൾ ഇന്നു ആരും ഒന്നും കഴിച്ചി ല്ലേ?

തമ്പി: അപ്പുറത്തെ ഏലിച്ചേടത്തിയെ വിളിച്ചു് അടു ക്കളയിലാക്കി.

പീലിപ്പോച്ചൻ: അമ്മ എന്തു കഴിച്ചു?

തമ്പി: അല്പം കഞ്ഞികുടിച്ചു. അപ്പച്ചനും എന്തെങ്കിലും കഴിക്കാമായിരുന്നല്ലോ.

പീലിപ്പോച്ചൻ: ഞാൻ ജോൺ വക്കീലിന്റെ വീട്ടിൽ നിന്നും കഴിച്ചു.

തമ്പി: അപ്പച്ചാ.

പീലിപ്പോച്ചൻ: (നോക്കുന്നു)

www.malankaralibrary.com

തമ്പി: അന്നക്കുട്ടിയുടെ കല്യാണം ഉറപ്പിച്ചിരിക്കയായി രുന്നു.

പീലിപ്പോച്ചൻ: ഉം.

തമ്പി: ചാക്കോ മരിച്ചതുകൊണ്ടു ഇനി അതു നടത്താൻ അവർക്കാവില്ല.

പീലിപ്പോച്ചൻ: ആലോചനകൾ ഇനിയും വരും.

തമ്പി: പക്ഷേ ചാക്കോ ഇനി വരികയില്ല.

പീലിപ്പോച്ചൻ: മരിച്ചവർ മടങ്ങിവരാറില്ലല്ലോ.

തമ്പി: മരിച്ചവർ വിട്ടുപോയ കടപ്പാടുകൾ ജീവിച്ചിരി ക്കുന്നവരാണു ചെയ്യേണ്ടതു്.

പീലിപ്പോച്ചൻ: മത്തായി ജീവിച്ചിരുപ്പുണ്ടു്.

തമ്പി: അന്നക്കുട്ടിയെക്കൂടാതെ മത്തായിക്കു് ഇനി ആറു മക്കളുണ്ടു്.

പീലിപ്പോച്ചൻ: ദൈവം കൊടുത്തു.

തമ്പി: ചാക്കോ മരിച്ചപ്പോൾ അവരുടെ എല്ലാ പ്രത്യാ ശകളും നശിച്ചു.

പീലിപ്പോച്ചൻ: ഭാഗ്യദോഷം.

തമ്പി: നമ്മെ ആശ്രയിച്ചു കഴിയുന്നവരാണവർ

പീലിപ്പോച്ചൻ: ശമ്പളം മുടങ്ങാതെ കൊടുക്കുന്നുണ്ടു്.

തമ്പി: അപ്പച്ചനോടു ഞാൻ അപേക്ഷിക്കുകയാണു്. അ മ്മച്ചിയുടെ മനസിനു് ഒരു തണുപ്പുകിട്ടാൻ, അപ്പ ച്ചൻ ആ വിവാഹം നടത്തികൊടുക്കണം.

പീലിപ്പോച്ചൻ: മത്തായി വേണ്ടതൊക്കെ ഒരുക്കട്ടെ. ഞാൻ പോയി നടത്തിക്കൊടുക്കാം.

തമ്പി: വേണ്ടതൊക്കെ ഒരുക്കാനുള്ള പണം ഉണ്ടാക്കാനാ ണവർക്കു നിവൃത്തിയില്ലാത്തതു്.

പീലിപ്പോച്ചൻ: അതിനിപ്പോൾ ഞാനെന്തു ചെയ്യും?

തമ്പി: അപ്പച്ചൻ കൊടുക്കണം.

www.malankaralibrary.com

പീലിപ്പോച്ചൻ: (ഗൗരവമായി) എടാ! വിഡ്ഢി! ഈ ആദർശവും തിന്നുകൊണ്ടു ജീവിക്കാൻ പററുകയില്ല. ഇവിടുത്തെ ചെലവുകരം എത്രയുണ്ടു് എന്നു നിന ക്കറിയാമോ? സമുദായത്തിൽ നമുക്കു ഒരു നിലയും വിലയുമുണ്ടു്. അതിനനുസരിച്ചു കഴിയണം. സമു ദായക്കേസിനു് എത്ര ആയിരമാ നമ്മരം കൊടുത്ത തു്!

തമ്പി: അതു തന്നെയാണപ്പച്ചാ എൻെറയും ചോദ്യം. സ മുദായക്കേസിനു ആയിരങ്ങരം കൊടുത്തു കിട്ടിയ മാ ന്യതയിൽ അഭിമാനിക്കാൻ അപ്പച്ചനറിയാമായി രുന്നു. നമ്മെ ആശ്രയിച്ചു കഴിയുന്ന ഒരു പാവം പെൺകുട്ടിയുടെ വിവാഹത്തിനു പത്തോ അഞ്ഞൂ റോ കൊടുക്കാൻ അപ്പച്ചനു മനസു വരാത്തതെന്താ?

പീലിപ്പോച്ചൻ: (മൊഴിമുട്ടി) എടാ! തമ്പി! നീ അപ്പച്ച നെ പഠിപ്പിക്കാതെ.

തമ്പി: അപ്പച്ചനെ പഠിപ്പിക്കാൻ ഞാനാളല്ല. പക്ഷേ ഒരു കാര്യം പറയട്ടെ. നാളെ വൈകുന്നതിനുമുമ്പു് മ ത്തായിയെ വിളിച്ചു് അഞ്ഞൂറു രൂപയെങ്കിലും അ പ്പച്ചൻ കൊടുക്കണം. കല്യാണം നിശ്ചയിച്ച സമ യത്തു നടക്കണം.

പീലിപ്പോച്ചൻ: ഇല്ലെങ്കിൽ?

തമ്പി: ഇല്ലെങ്കിൽപിന്നെ ഈ വീട്ടിൽനിന്നു, പച്ചവെ ള്ളം കുടിക്കാൻ ഞാൻ നിശ്ചയിച്ചിട്ടില്ല. മരിച്ചാ ലും ശരി.

പീലിപ്പോച്ചൻ: തമ്പീ!

തമ്പി: അതെ അപ്പച്ചാ. ഈ വീട്ടിലെ സമ്പ്രദായങ്ങരം എനിക്കു സഹിക്കാതായിരിക്കുന്നു. ഇത്രയുംകാലം ഇതൊക്കെ കടിച്ചമർത്തി ഞാൻ ജീവിച്ചു. അപ്പച്ച ൻെറ ഉദ്യോഗത്തിൻെറ ഭദ്രതയ്ക്കുവേണ്ടി ഞാൻ എ

www.malankaralibrary.com

ൻെറ രാഷ്ട്രീയ പ്രവർത്തനങ്ങരം ഉപേക്ഷിച്ചു. പക്ഷെ ഈ ചുററുപാടും കഷ്ടത അനുഭവിച്ചു കഴിയുന്ന സാധുക്കളെ വിസ്മരിച്ച് എനിക്കു കഴിയാൻ പററില്ല..

പീലിപ്പോച്ചൻ: (പുച്ഛമായി) ഹോ! എൻെറ മകൻെറ ഒരു ദീനാനുകമ്പ!

തമ്പി: ഞാൻ ജോലിചെയ്തുണ്ടാക്കുന്ന പണം അപ്പച്ചനെ ഏല്പിക്കുകയാണ്. അപ്പച്ചനു സ്വന്തം പണം കൊടുക്കാൻ ഇഷ്ടമില്ലെങ്കിൽ എൻെറ എടുത്ത് കൊടുക്ക്. എന്നാലും മത്തായിയുടെ മകളുടെ കല്യാണം സമയത്തു നടക്കണം. (കൊടുങ്കാററുപോലെ അകത്തേയ്ക്കു പോകുന്നു)

(പീലിപ്പോച്ചൻ നേര്യതു എടുത്തു വീശിക്കൊണ്ട് രണ്ടുചാൽ നടന്നു. ഒരിക്കൽ നടന്നു തിരിയുമ്പോരം വർക്കിയച്ചൻ പ്രവേശിക്കുന്നു.)

പീലിപ്പോച്ചൻ: ഊം?

വർക്കി: മാർ ഈവാനിയോസ് തിരുമേനി ഇങ്ങോട്ടു വരുന്നു.

പീലിപ്പോച്ചൻ: ഇങ്ങോട്ടോ? ഈ പടിക്കകത്തുകയറിയാൽ—

വർക്കി: (അനുനയത്തിൽ) അങ്ങനെ പറയാതിരുന്നാട്ടെ. പീലിപ്പോച്ചാ! അമ്മച്ചിക്കു അസുഖമാണെന്നറിഞ്ഞു പ്രാർത്ഥിക്കാനാ അദ്ദേഹം വരുന്നത്.

പീലിപ്പോച്ചൻ: (അലർച്ചപോലെ) പാടില്ല. എൻെറ കുഞ്ഞിനെയും വഴിതെററിച്ച് സമുദായത്തെയും ഒററുകൊടുത്തു നടക്കുന്ന ദ്രോഹി!

(തമ്പി ശബ്ദംകേട്ട് ഇറങ്ങിവരുന്നു)

വർക്കി: അതൊക്കെ പീലിപ്പോച്ചൻെറ തെററുധാരണകളാണ്. സംസാരിക്കുമ്പോരം എല്ലാം മാറും. അദ്ദേഹം ഇങ്ങെത്തി. സമാധാനമായിരുന്നാട്ടെ.

www.malankaralibrary.com

പീലിപ്പോച്ചൻ: സമാധാനം! എൻെറ സമാധാനം എന്നേക്കുമായി തകർത്ത ദുഷ്ടൻ! (കുതിച്ചു അകത്തേക്കു പോകുന്നു. തോക്കുമായി ഇറങ്ങിവരുന്നു.)

തമ്പി: (മുമ്പിൽ കയറി തടഞ്ഞുകൊണ്ടു്) അപ്പച്ചാ! അവിവേകം കാണിക്കരുതു്,

പീലിപ്പോച്ചൻ: (ഗർജ്ജനംപോലെ) മാറെൻെറ മുമ്പിൽ നിന്നു്.

തമ്പി: ഇല്ല. എൻെറ അമ്മയ്ക്കുവേണ്ടി പ്രാർത്ഥിക്കാൻവന്ന അദ്ദേഹത്തെ കൊല്ലുമ്മുമ്പു് എൻെറ മാറിൽ നിറയൊഴിക്കൂ്. (കൈ അകത്തി വിരിമാറു കാണിച്ചു നില്ക്കുന്നു.)

(വർക്കിയച്ചൻ പുറത്തേക്കു് ഓടിപ്പോകുന്നു. പീലിപ്പോച്ചൻ നിന്നു കിതയ്ക്കുന്നു. തോക്കിൻകുഴൽകൊണ്ടു് തമ്പിയെ മാററാൻ ശ്രമിച്ചുകൊണ്ടു് "മാറാനാണു്പറഞ്ഞതു് എന്നു അലറുന്നു" തമ്പി വഴങ്ങുന്നില്ല. വർക്കിയച്ചൻ തിരിച്ചു വരുന്നു.)

വർക്കി: തമ്പികുഞ്ഞേ! തിരുമേനിപോയി. അമ്മച്ചിക്കുവേണ്ടി പടിക്കൽനിന്നു പ്രാർത്ഥിച്ചിട്ടാണു് പോയതു്. ഞാനും പോകുന്നു. (പുറത്തേക്കുപോയി)

(ഈ സമയത്തു് അഴിഞ്ഞുലഞ്ഞ മുടിയുമായി ഏലിയാമ്മ നടുവിലെ വാതില്ക്കൽ പ്രത്യക്ഷപ്പെടുന്നു. ഒരു നിമിഷം തമ്പി ആ കാഴ്ച കണ്ടു.)

തമ്പി: അമ്മച്ചീ! (ഓടി അടുത്തു ചെന്നു നെററിയിൽ കൈവച്ചു നോക്കുന്നു. തമ്പിയുടെ മുഖത്തു് അദ്ഭുതം)

ഏലിയാമ്മ:(ക്ഷീണിച്ച സ്വരത്തിൽ) എനിക്കു സുഖമുണ്ടു മോനേ.

(പീലിപ്പോച്ചൻ അതു കേട്ടു. തോക്കു കൈയ്യിൽ നിന്നു താഴെ വീഴുന്നു മുഖത്തു വിവിധ വികാരങ്ങൾ മിന്നിമറയുന്നു)

—കർട്ടൻ—

www.malankaralibrary.com

## രംഗം 4

പീലിപ്പോച്ചൻെറ വീടിൻെറ പൂമുഖം. കർട്ടൻ ഉയരുമ്പോൾ രംഗത്തു് ആരുമില്ല.

തമ്പി: (അമ്മയെ ഉദ്ദേശിച്ച തിരിഞ്ഞു നോക്കുന്നതിനിടയിൽ സംസാരിച്ച കൊണ്ടു അകത്തുനിന്നു് പ്രവേശിക്കുന്നു) ഓ! ഈ അമ്മയുടെ ഒരു കാര്യം കൊണ്ടു ഞാൻ തോററു. എപ്പോഴും ഒരു കല്ല്യണക്കാര്യം. എന്നാൽ അമ്മ തന്നെ പോയി എവിടെ നിന്നെങ്കിലും ഒരെണ്ണത്തിനെ കൊണ്ടുവാ. ഞാനങ്ങു കെട്ടാം. എന്താ?

മത്തായി: (അതു കേട്ടുകൊണ്ടു പ്രവേശിച്ചു്) നല്ല കാര്യമാകണേ! അങ്ങനെയാണെങ്കിൽ പെട്ടെന്നു തന്നെ വേണം. ഞാനും കൂടാം.

തമ്പി: (തല ഉയർത്തി മത്തായിയെ ശ്രദ്ധിച്ചു്) ഒ, മത്തായിച്ചേട്ടനോ? (എഴുന്നേററു് അടുത്തു ചെന്നു്) അന്നക്കുട്ടീം കെട്ടിയവനും ഒക്കെ പോയോ?

മത്തായി: പോയി കുഞ്ഞേ! (വികാര ഭരിതനായി) മത്തായിക്കു കുഞ്ഞിനോടു് എങ്ങനെ പറയണമെന്നറിയത്തില്ല. കുഞ്ഞില്ലായിരുന്നെങ്കി മത്തായീടെ വീടു് അധോഗതിയായിപ്പോകുകേ ഒള്ളാരുന്നു. കുഞ്ഞിനെ ദൈവം അനുഗ്രഹിക്കും.

www.malankaralibrary.com

തമ്പി: എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.

ഏലിയാമ്മ:- (പ്രവേശിച്ച്) ആ: മത്തായിയോ?

മത്തായി: അന്നക്കുട്ടിയില്ലാത്തതുകൊണ്ട് അമ്മച്ചിക്കു സഹായത്തിനു ആരുമില്ലല്ലോന്നു കരുതി ഓടിപോന്നതാ. നാളെ മൊതല് അവടെ എളേതിനെ ഇങ്ങു പറഞ്ഞു വിടട്ടേ?

ഏലിയാമ്മ: എനിക്കാണെങ്കിൽ വയ്യാതായി. മോനൊരുത്തൻ മുട്ടനൊരാമ്പിറന്നോനായി. ഇവൻ ഒരു പെണ്ണു കെട്ടിക്കോണ്ടുവന്നാൽ എന്റെ പകുതി വിഷമം തീർന്നു. പക്ഷേ ചെയ്യുണ്ടേ?

മത്തായി: അതൊള്ളതാ. തമ്പികുഞ്ഞ് ഇങ്ങനെ നാട്ടനന്നാക്കി നടന്നാൽ മതിയോ?

തമ്പി: അപ്പച്ചൻ പറയുന്ന പണച്ചാക്കിനേയൊന്നും കല്യാണം കഴിക്കാൻ ഞാനില്ല. എന്റെ കൂടെ താമസിക്കാനുള്ള പെണ്ണിനെ തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം എനിക്കു വിടണം.

മത്തായി: തമ്പികുഞ്ഞിനു ഏതുമാതിരി പെണ്ണാ വേണ്ടേന്നു പറഞ്ഞാട്ടെ. മത്തായി കണ്ടുപിടിച്ചോണ്ടു തരാം.

ഏലിയാമ്മ: നല്ല അടക്കൊതുക്കോം ദൈവഭയോം ഒള്ള പെണ്ണായിരിക്കണം. സുന്ദരിയായിരിക്കണം. (തമ്പിയെ ഏറുകണ്ണിട്ടുനോക്കി പുഞ്ചിരിയോടെ) പിന്നെ സ്ത്രീധനംകൊടുക്കാൻ നിവർത്തിയില്ലാത്തതായിരിക്കണം.

(തമ്പിയും പുഞ്ചിരിക്കുന്നു)

മത്തായി: മത്തായി ഏററു. നല്ല കിളികിളിപോലത്തെ ഒരു പെങ്കൊച്ചിനെ കൊത്തി എടുത്തോണ്ടു വരാം. അല്പം കഴിഞ്ഞു) മത്തായി അകത്തോട്ടുചെന്ന് ഇച്ചരെ വെള്ളം കോരിയിടാം. (പോകുന്നു)

www.malankaralibrary.com

(ശെമ്മാശ്ശൻ പ്രവേശിക്കുന്നു കൈയിൽ തോലു്പെട്ടി)

ഏലിയാമ്മ: മോൻ മോൻ വന്നോ?

ശെമ്മാശ്ശൻ: ഞാൻ വന്നു അമ്മേ! (അടുത്തുചെന്നു്) അമ്മയുടെ അസുഖമൊക്കെ മാറിയോ?

ഏലിയാമ്മ: എൻെറ അസുഖം മാറി നമ്മുടെ ഈ വീടുതന്നെ ഇപ്പോഠം ആകെ മാറിയിരിക്കുന്നു.

ശെമ്മാശ്ശൻ: എന്നുവച്ചാൽ?

ഏലിയാമ്മ: അപ്പച്ചൻെറ അകംകണ്ണു തുറന്നുകിട്ടി. അന്നക്കുട്ടിയുടെ കല്ല്യാണം സർവ്വചെലവും കൊടുത്തു നടത്തി. തമ്പിക്കുഞ്ഞിൻെറ സാമൂഹ്യപ്രവർത്തനങ്ങഠംക്കു് പണം കൊടുത്തുസഹായിക്കുന്നു. ജോണിയെ സക്കാരുദ്യോഗസ്ഥനാക്കണമെന്ന ആത്തിയും ഉപേക്ഷിച്ചു.

ശെമ്മാശ്ശൻ: അപ്പച്ചനെ ഇപ്പോഴെങ്കിലും ഒരു യഥാർത്ഥ ക്രിസ്ത്യാനിയായിക്കാണാൻ കഴിഞ്ഞതിൽ ദൈവത്തിനു നന്ദിപറയുന്നു. പിന്നെ, അമ്മേ, മുണ്ടന്മലയിൽ തിരക്കിട്ടു് ആലോചനകഠം നടക്കുകയാണു്. ബെഥനിമെത്രാച്ചൻ ഉടൻതന്നെ പ്രധാനപ്പെട്ട ചില തീരുമാനങ്ങഠം എടുത്തേക്കും. അതിനുമുമ്പു് എനിക്കു് അവിടെയെത്തണം. നിങ്ങളെയൊക്കെ കണ്ടു യാത്രചോദിക്കുവാനാണു വന്നതു്.

ഏലിയാമ്മ: യാത്രയോ?

ശെമ്മാശ്ശൻ: ഇസ്രായേൽ ജനതയുടെ കനാൻ ദേശത്തേക്കുള്ള പ്രയാണംപോലെ ഒരു യാത്രയാണതു്. ലക്ഷ്യം അകലെയാണു്. ഞങ്ങഠം അവിടെയെത്തുകതന്നെ ചെയ്യും.

ഏലിയാമ്മ: മോൻ എന്താ ഈ പറേണെ?

ശെമ്മാശ്ശൻ: മാർ ഈവാനിയോസു് തിരുമേനി മുണ്ടൻ

www.malankaralibrary.com

മലവിട്ടുപോകയാണ്. ഞാനും അവരോടൊന്നിച്ചുപോകുന്നു.

ഏലിയാമ്മ: എവിടേക്ക്?

തമ്പി: അമ്മയ്ക്കിനിയും മനസിലായില്ലേ? മാതൃസഭയുമായുള്ള പുനരൈക്യത്തിലേക്കുള്ള പ്രയാണമാണിത്.

ഏലിയാമ്മ: (കാര്യങ്ങൾ മനസിലാക്കി) മക്കളേ!

ശെമ്മാശ്ശൻ: നിങ്ങളുടെ ബന്ധങ്ങളും ബന്ധനങ്ങളും എനിക്കു മനസിലാകുന്നു. കൂനൻകുരിശിൽ കെട്ടിയ ആലാത്തുകയറുകൾ എരിവുള്ള പ്രാർത്ഥനയുടെ ചൂടിൽ കരിഞ്ഞുപോകും.

(തമ്പി എന്തോ തീരുമാനിച്ച് അകത്തേയ്ക്കുപോകുന്നു)

ശെമ്മാശ്ശൻ: നിങ്ങളും താമസിയാതെ എല്ലാ ചങ്ങലകളും തകർത്തു ഞങ്ങൾക്കൊപ്പം വരും എന്ന് എനിക്കുറപ്പുണ്ട്. (അല്പനേരത്തെ നിശബ്ദത) അപ്പച്ചനെ കണ്ടു യാത്ര ചോദിക്കാൻ എന്താ മാർഗം?

(കുടമണികളുടെ ശബ്ദം)

ഏലിയാമ്മ: വന്നല്ലോ.

(പീലിപ്പോച്ചൻ പ്രവേശിക്കുന്നു. ശെമ്മാശനെകണ്ടു പലതും പറയാനുണ്ട്, എങ്ങനെ തുടങ്ങണമെന്നറിയാതെ ഒരു നിമിഷം നിന്നു.)

പീലിപ്പോച്ചൻ: എപ്പോൾ വന്നു?

ശെമ്മാശ്ശൻ: അല്പസമയമായതേയുള്ളു.

പീലിപ്പോച്ചൻ: എന്താപിന്നെ ഈ വഴിക്കൊക്കെ?

ഏലിയാമ്മ: (ദുഃഖത്തോടെ) എന്താ ഇങ്ങനെ? ഇതു ശെമ്മാശ്ശൻെറ വീടല്ലേ?

പീലിപ്പോച്ചൻ: ഇയ്യിടെ സ്വന്തം വീടുമറക്കുന്നതിനുള്ള വാസനയല്ലേ കാണിക്കുന്നത്?

ശെമ്മാശ്ശൻ: (അപ്പച്ചൻ പറഞ്ഞുവന്നതിൻെറ പൊരുൾ മനസിലാക്കി) വീടും നാടും തമ്മിലിടഞ്ഞാൽ?

www.malankaralibrary.com

പീലിപ്പോച്ചൻ: ''വീട്'' ഉഭപക്ഷിക്കും അല്ലേ?

ശെമ്മാശ്ശൻ: വീടിൻെറ താത്പര്യത്തേക്കാരം നാടിൻെറ താത്പര്യമല്ലേ വലുതു്?

പീലിപ്പോച്ചൻ: ആദ്യം വീട് പിന്നെ നാട് എന്നാ എൻെറ പ്രമാണം.

ശെമ്മാശ്ശൻ: മെത്രാൻകക്ഷി എന്ന ഒരു കൊച്ചുവീടിൻെറ താത്പര്യങ്ങരംക്കുവേണ്ടി വിശാലമായ ക്രൈസ്തവ സമൂഹത്തിൻെറ താത്പര്യങ്ങളും നന്മയും തള്ളിപ്പറയുന്നതാണോ ശരി?

(തമ്പി നടുവിലത്തെ മുറിയിൽനിന്നു യാത്രാവേഷത്തിൽ പ്രവേശിക്കുന്നു. സംഭാഷണം ശ്രദ്ധിക്കുന്നു.)

പീലിപ്പോച്ചൻ: ശരി! ശരിയും തെററും !! മുന്നൂറുകൊല്ലം മുമ്പു കൂനൻ കുരിശു സത്യത്തിനു വഴിതെളിച്ചതു് ആരുടെയൊക്കെയോ തെററുകളായിരുന്നു. ആദ്യം അതു തിരുത്തട്ടെ.

ശെമ്മാശ്ശൻ: ആ തെററുകരം തിരുത്തപ്പെടാൻ പോവുകയാണു്.

പീലിപ്പോച്ചൻ: അല്ല. കൂടുതൽ തെററുകളിലേക്കു നീങ്ങുകയാണു്. സമുദായം വളർത്തിയെടുത്ത ഒരു അതിബുദ്ധിമാൻെറ വഞ്ചന.

ശെമ്മാശ്ശൻ: അതിബുദ്ധിമാൻതന്നെ. സംശയമില്ല. പക്ഷേ വഞ്ചനയല്ല.

പീലിപ്പോച്ചൻ: മെത്രാൻ കക്ഷിയെ അതിൻെറ സകല സ്വത്തുക്കളോടുംകൂടി റോമ്മായുടെ തൊഴുത്തിൽ കൊണ്ടുപോയി കെട്ടാനായിരുന്നില്ലേ ശ്രമം? വട്ടശ്ശേരിൽ തിരുമേനി കണ്ണുമടച്ചു വിശ്വസിച്ചതിനു നൽകിയ പ്രതിഫലം. ബഥനിയും സ്വത്തുക്കളും റോമാസ്സു അടിയറവെക്കുവാൻ ഇനി എന്തിനു താമസിക്കുന്നു.

www.malankaralibrary.com

ശെമ്മാശ്ശൻ: അപ്പച്ചൻ തെററിദ്ധരിച്ചിരിക്കുന്നു. ബെഥനിയും സ്വത്തുക്കളും സമുദായത്തിനു വിട്ടുകൊടുത്തു വെറും കൈയോടേ പോകാനാണു ഭാവം.

പീലിപ്പോച്ചൻ: (ആ അറിവ് അപ്രതീക്ഷിതമായിരുന്നു എങ്കിലും തോല്ക്കാൻ മനസില്ലാതെ) ബെഥനി സ്ഥാപനങ്ങൾ സ്വതന്ത്രമായിനിൽക്കാൻ തീരുമാനിച്ചതു പിന്നെ എന്തിനാ?

ശെമ്മാശ്ശൻ: ബെഥനി സ്ഥാപിച്ചതിനു ചില ഉദ്ദേശങ്ങളുണ്ട്. മാർ ഈവാനിയോസ് തിരുമേനിയെ മനസിലാക്കാൻ നാം ശ്രമിക്കണം. അപ്പച്ചൻെറ കണ്ണാടിയിലൂടെയാണ് ആദ്യകാലത്തു ഞാനും അദ്ദേഹത്തെ കണ്ടിരുന്നതു്. അപ്പച്ചൻ തിരുമേനിയുടെ നേരേ തോക്കെടുത്തതു് ഞാനറിഞ്ഞു. ഞാൻ അദ്ദേഹത്തിൻെറ നേരേ പരുഷമായ വാക്കുകൾ ഉപയോഗിച്ചിട്ടുണ്ട്.

പീലിപ്പോച്ചൻ: (അസ്വസ്ഥനാകുന്നു)

ഏലിയാമ്മ: അങ്ങനെ അവമാനിച്ചിട്ടും മുററത്തുനിന്നു് എനിക്കുവേണ്ടി പ്രാർത്ഥിച്ചിട്ടാണദ്ദേഹം പോയതു്. എനിക്കതുകൊണ്ടു സുഖവും ലഭിച്ചു.

ശെമ്മാശ്ശൻ: അതാണു ശരിയായ ഒരു ക്രിസ്ത്യാനിയുടെ പ്രതികരണം. അപ്പച്ചനു തോക്കും വഴക്കും കേസും ഇഷ്ടമാണ്. നമ്മുടെ സമുദായത്തിൽ കക്ഷിവഴക്കുകൾ തുടങ്ങിയിട്ടു നാളുകളെത്രയായി? ഇതു ദൈവത്തിനു വേണ്ടിയോ മനുഷ്യനു വേണ്ടിയോ?

തമ്പി: ദൈവത്തെ ദേവാലയങ്ങളിൽ പൂട്ടിയിട്ട്, പുറത്തു പകയും വിദ്വേഷവുമായി പെരുമാറുന്നതാണല്ലോ ഇന്നത്തെ ശൈലി.

ശെമ്മാശ്ശൻ: അപ്പച്ചാ. നമുക്ക് ആവശ്യത്തിൽ അധികം സമ്പത്തു് ദൈവം തന്നിട്ടുണ്ട്. പക്ഷേ, അപ്പച്ചൻ

www.malankaralibrary.com

അതുകൊണ്ട സംതൃപ്തനായിരുന്നോ? ഞങ്ങാം മക്കളെയെല്ലാം ഉയർന്ന പദവികളിലാക്കിക്കാണാനാണ് അപ്പച്ചൻ ആഗ്രഹിച്ചതു്. പാവങ്ങളെ സഹായിക്കുന്നതിൽ ആനന്ദിക്കുവാൻ അപ്പച്ചനു കഴിഞ്ഞിരുന്നുവോ? അന്നക്കുട്ടിടെ കല്യാണം നടക്കാൻ തമ്പിച്ചായന്റെ നിരാഹാരസത്യഗ്രഹം വേണ്ടി വന്നില്ലേ? ലോകത്തിനടുത്ത കാര്യങ്ങളിലാണു നമ്മുടെ ശ്രദ്ധ.

തമ്പി: അപ്പച്ചാ. അപ്പച്ചനോടു് ഞങ്ങാംക്കെല്ലാം ഭക്തിയും സ്നേഹവും ഉണ്ടു്. പക്ഷെ ഞങ്ങാം പഠിച്ചതും വീട്ടിലും നാട്ടിലും നടക്കുന്നതും തമ്മിൽ പൊരുത്തപ്പെടുത്തുവാൻ ഞങ്ങാംക്കു കഴിയുന്നില്ല.

ഏലിയാമ്മ: മക്കാം ചെയ്യുന്നതു ഇഷ്ടമല്ലാതെ വരുമ്പോഴ് എന്നോടാണു് വഴക്കു്.

ശെമ്മാശ്ശൻ: തിരുസഭാമാതാവും അമ്മയെപ്പോലെയാണു്. ഭരണകർത്താക്കളും ഭരണീയരും തമ്മിലുള്ള അസ്വാരസ്യങ്ങാം ആ അമ്മയെ വേദനിപ്പിക്കുന്നു.

തമ്പി: കേസുകളും വഴക്കുകളും ഒരു വശത്തു്. പണത്തിലും പ്രതാപത്തിലും മുഴകിയുള്ള ലൗകായതിക ജീവിതം മറുവശത്തു്.

ശെമ്മാശ്ശൻ: ഈ ദുഃസ്ഥിതിക്കൊരു പരിഹാരമേയുള്ള തപസ്സിലും പ്രാർത്ഥനയിലും അധിഷ്ഠിതമായ ക്രൈസ്തവ ജീവിതം, അതിനാണു ബഥനി സ്ഥാപിക്കപ്പെട്ടതു്. അവിടെ സമുദായ പ്രമാണികാം കയറി കലക്കമുണ്ടാക്കാതിരിക്കാനാണു് ആ സ്ഥാപനം സ്വതന്ത്രമായിരിക്കണമെന്നു തിരുമേനി നിശ്ചയിച്ചതു്.

പീലിപ്പോച്ചൻ: മക്കളെ, നിങ്ങളെന്റെ മനസ്സിന്റെ സൈ്വരം കെടുത്തുന്നു. (തലതാഴ്ത്തി കസേരയിലിരിക്കുന്നു)

www.malankaralibrary.com

ശെമ്മാശ്ശൻ: ഞങ്ങൾക്കതിൽ ദുഃഖമുണ്ട്. പക്ഷേ, അപ്പച്ചാ, ഈ സൈബർക്കേടിൽ നിന്നു ഒരു പുതിയ കാഴ്ചപ്പാടുണ്ടാകണം. പിന്നെയേ നമുക്കു സമാധാനം ലഭിക്കു.

(അല്പനേരത്തെ നിശബ്ദത)

ശെമ്മാശ്ശൻ: (പീലിപ്പോച്ചന്റെ അടുത്തേക്കുചെന്നു്) ഞാനിപ്പോൾ എല്ലാവരെയും കണ്ടു യാത്ര ചോദിക്കാനാണു വന്നതു്.

പീലിപ്പോച്ചൻ: യാത്രയോ?

തമ്പി: നാളെ രാവിലെ മാർ ഈവാനിയോസ്, മാർ തെയോഫിലസ് എന്നീ തിരുമേനിമാരും അവരോടൊത്തുനില്ക്കുന്നവരും മുണ്ടൻമലവിട്ടു പോകുകയാണ്. മാതൃസഭയിലേക്കു്. ശെമ്മാശ്ശനും അവരോടൊത്തു പോകുന്നു.

പീലിപ്പോച്ചൻ: (എഴുന്നേൽക്കുന്നു. അതു വിശ്വസിക്കാൻ അദ്ദേഹത്തിനു കഴിയുന്നില്ല.) എന്താ പറഞ്ഞതു്?

ശെമ്മാശ്ശൻ: അതെ അപ്പച്ചാ! ഞാനും പോകുകയാണ്. അപ്പച്ചൻ എന്നെ അനുഗ്രഹിക്കണം.

പീലിപ്പോച്ചൻ: (മുൻവശത്തേക്കു് നടന്നുകൊണ്ടു്) നരകത്തിൽ പോകാൻ അനുവാദം ചോദിച്ചാൽ ഒരുപക്ഷേ ഞാൻ തരുമായിരുന്നു. പക്ഷേ, ഇതു് .. ഇതെനിക്കു സാധിക്കുന്നില്ല.

ശെമ്മാശ്ശൻ: അപ്പച്ചന്റെ വിഷമം എനിക്കുമനസിലാകുന്നു. സമുദായക്കേസ് മുന്നിട്ടുനിന്നു നടത്തുകയും പള്ളിയിൽ പല ഔദ്യോഗികസ്ഥാനങ്ങൾ നടത്തുകയും ചെയ്യുന്ന അപ്പച്ചനു് അതു വേദനയുണ്ടാക്കും എന്നു് എനിക്കറിയാം. പക്ഷേ ദീർഘനാളത്തെ പ്രാർത്ഥനയുടെയും പഠനത്തിന്റെയും ഫലമായി

www.malankaralibrary.com

ഞാൻ എടുത്ത തീരുമാനമാണിതു്. (അപ്പച്ചൻെറ ഒരു വശത്തായി മുട്ടുകുത്തുന്നു )

പീലിപ്പോച്ചൻ: (നിശ്ചലമായി നിൽക്കുന്നു. ആ മനസ്സിൽ വികാരങ്ങൾ വേലിയേററം നടത്തുന്നു.)

ശെമ്മാശ്ശൻ: ഞാൻ പോകട്ടെ അപ്പച്ചാ. (കുനിഞ്ഞു ആ പാദങ്ങളിൽ ചുംബിക്കുന്നു. പിന്നെ എഴുന്നേററു അമ്മയുടെ അടുത്തേക്കുചെന്നു കൈ കൂപ്പി)

തമ്പി: അപ്പച്ചാ എനിക്കാ മഹാ സംഭവം എൻെറ കണ്ണു കൊണ്ടു കാണണം. ഞാനും ശെമ്മാശ്ശൻെറക്കൂടെ പോകുന്നു.

(പീലിപ്പോച്ചൻ മൗനം. ഇരുവരും പോകുന്നു. ഏലിയാമ്മ മക്കൾപോയ ദിക്കിലേക്കുതന്നെ നോക്കിനിൽക്കുന്നു. അവരുടെ കണ്ണുകൾ നിറയുന്നുണ്ടു്.)

(പീലിപ്പോച്ചൻ തിരിഞ്ഞുനോക്കി. മക്കൾ പോയിക്കഴിഞ്ഞു. ഏലിയാമ്മ പരിസരബോധമില്ലാതെ നിൽക്കുകയാണു്. പീലിപ്പോച്ചൻ കണ്ണു തുടച്ചു.)

—കർട്ടൻ—

www.malankaralibrary.com

## രംഗം 5

(മുണ്ടൻമല ആശ്രമം. ഒരു മണിയടിയുടെ ശബ്ദം. അകത്തുനിന്നു ഒരു ശെമ്മാശൻ കടന്നുവന്നു് പുറത്തേക്കുള്ള വാതിക്കൽ ചെന്നു നോക്കുന്നു.)

ശെമ്മാശൻ: കയറിവരു.

അപരിചിതൻ: (പ്രവേശിക്കുന്നു.)

ശെമ്മാശ്ശൻ: എന്താ?

അപരിചിതൻ: ഞങ്ങൾ പന്തളത്തുനിന്നു വരികയാണു്. ഇവിടത്തെ പള്ളിയിൽ രണ്ടുദിവസം താമസിച്ചു പ്രാർത്ഥിക്കാനാണു വന്നതു്.

ശെമ്മാശ്ശൻ: നിൽക്കു. ഞാൻ വർക്കിയച്ചനെ വിളിച്ചു കൊണ്ടുവരാം.

(അകത്തേക്കു പോകുന്നു. വക്കിയച്ചൻ പ്രവേശിക്കുന്നു അപരിചിതൻ കൈ കൂപ്പുന്നു)

വർക്കി: പ്രാർത്ഥിക്കാൻ വന്നതാണല്ലേ?

അപരിചിതൻ: അതെ ഞങ്ങൾ രണ്ടു കുടുംബത്തീന്നായിട്ടു് അഞ്ചാറുപേരുണ്ടു്. ഞങ്ങൾ തമ്മിൽ ഒരു വഴക്കുണ്ടായി. കേസു പോലീസിലുമൊക്കെ ആയതാ. ആയിടയ്ക്കു് ഇവിടത്തെ മെത്രാച്ചൻ ഞങ്ങടെ പള്ളീൽ വന്നിരുന്നു. കേസും വഴക്കുമൊന്നും ക്രിസ്ത്യാ

www.malankaralibrary.com

നിക്കടുത്തതല്ലെന്നും സ്നേഹവും സഹനവുമാണ് കർത്താവു പഠിപ്പിച്ചതെന്നും അദ്ദേഹം പ്രസംഗിച്ചു.

വർക്കി: എന്നിട്ട്?

അപരിചിതൻ: ചെയ്തതു ശരിയായില്ല എന്നു ഞങ്ങൾക്കു തോന്നി. തമ്മിൽ കണ്ടാൽ മിണ്ടാത്ത ഞങ്ങൾ മിണ്ടി. ഞങ്ങളുടെ ഭാര്യമാരും കുട്ടികളും ശത്രുതമറന്നു. കേസു ഞങ്ങൾ രാജിയായി.

വർക്കി: കേട്ടിട്ടുതന്നെ സന്തോഷം തോന്നുന്നു. യഥാർത്ഥ ക്രിസ്ത്യാനിക്കടുത്ത പ്രവൃത്തിയാ നിങ്ങൾ ചെയ്തതു്.

അപരിചിതൻ: ഇതിനെല്ലാം കാരണം ബെഥനിമെത്രാച്ചന്റെ പ്രസംഗമാണ്. അതുകൊണ്ട് അദ്ദേഹം സ്ഥാപിച്ച ഈ ആശ്രമത്തിൽ വന്നു പ്രാർത്ഥിച്ചു പോകാമെന്നു ഞങ്ങൾ കരുതി. ഞങ്ങൾക്കുവേണ്ടതു കേസും വഴക്കുമല്ല ശാന്തിയാണ്.

വർക്കി: കൊള്ളാം. സമുദായക്കേസിലും വഴക്കിലും മനസുമടുത്തു പ്രാർത്ഥനയ്ക്കും സേവനത്തിനും വേണ്ടി തിരുമേനി സ്ഥാപിച്ചതാണ് ഈ ആശ്രമം. ഇവിടെ ധാരാളം ആളുകൾ വന്നു പ്രാർത്ഥിച്ചു പോകാറുണ്ട്. നിങ്ങളെ ദൈവം അനുഗ്രഹിക്കട്ടെ.

അപരിചിതൻ: (ഒരു പൊതി നീട്ടി) ഇതിരിക്കട്ടെ. ഞങ്ങളുടെ ഒരു എളിയ സംഭാവനയാണ്. ഇന്നത്തേക്കു ഞങ്ങൾഭക്ഷണം കൊണ്ടുവന്നിട്ടുണ്ട്. നാളെവല്ലതും അല്പം ആഹാരം കിട്ടിയാൽ കൊള്ളാം.

വർക്കി: അതിനു ഏർപ്പാടു ചെയ്യാം. കഞ്ഞിയും കപ്പയും ഒക്കെയായിരിക്കും കേട്ടോ. ഇവിടെ ഞങ്ങൾ അതൊക്കെയാണു കഴിക്കുന്നതു്.

അപരിചിതൻ: (ചിരിച്ചുകൊണ്ട്) ഞങ്ങൾക്കും അതൊക്കെ മതി (തൊഴുതശേഷം പോകുന്നു)

വർക്കി: (പുറത്തേയ്ക്കു നോക്കി) ആരാ? കയറി വരൂ.

www.malankaralibrary.com

(ഒരു മധ്യവയസ്കൻ വിയർത്തൊലിച്ചു കയറിവരുന്നു. തോർത്തു എടുത്തു തലയും മുഖവും തുടയ്ക്കുകയും വീശുകയുംചെയ്യുന്നു)

വർക്കി: എന്താ?

മധ്യവയസ്കൻ: മൂന്നുനാലുപറ അരിയുംകൊണ്ടുവന്നതാ. ഇവിടെ വലിയ ബുദ്ധിമുട്ടാണെന്നറിഞ്ഞു.

വർക്കി: എവിടെയാ വീട്?

മധ്യവയസ്കൻ: കോഴഞ്ചേരിലാ. അടുത്തയിടയ്ക്ക് ആശ്രമത്തിൽ ഒന്നുരണ്ടുദിവസം എല്ലാവരുംകൂടി പട്ടിണി കിടന്നു എന്നു പറയുന്നതുകേട്ടു.

വർക്കി: ഒരു അത്താഴമോ പ്രാതലോ മുടങ്ങിയതുകൊണ്ട് ആരും മരിച്ചുപോകയില്ലല്ലോ. ആശ്രമം നോയമ്പിനും പ്രായശ്ചിത്തത്തിനും ഉള്ള സ്ഥലമല്ലേ?

മധ്യവയസ്കൻ: ഇല്ലാത്തതുകൊണ്ടു പട്ടിണി കിടക്കാൻ പാടില്ല. കേട്ടപ്പോഴ് വിഷമംതോന്നി. ഉടനെ കുറച്ചു നെല്ലു പുഴുങ്ങിക്കുത്തി ചാക്കിലാക്കി കൊച്ചു വള്ളത്തേലിട്ടുപോന്നു. വള്ളം താഴെ കടവിലുണ്ട്.

വർക്കി: അറിയിച്ചെങ്കിൽ ആരെയെങ്കിലും അയച്ച് എടുപ്പിക്കുമായിരുന്നു.

മധ്യവയസ്കൻ: എനിക്ക് ദൈവം ആരോഗ്യം തന്നിട്ടൊണ്ടല്ലോ, ഇയ്യാണ്ടിൽ വിളവും പ്രതീക്ഷിച്ചതിലധികം കിട്ടി, അതിലൊരുവീതം ഇവിടത്തേക്ക്, ആ: ഇതെവിടെയാ എടുത്തുവെക്കേണ്ടത്?

വർക്കി: ശെമ്മാശ്ശാ!

ശെമ്മാശ്ശൻ: (പ്രവേശിച്ച്) എന്താ അച്ചാ?

വർക്കി: ഈ അരി അടുക്കളയിലേക്ക് എടുപ്പിച്ചോ.

മധ്യവയസ്കൻ: ഞങ്ങടെ നാട്ടിന്ന് ഒരു അനാഥക്കുഞ്ഞ് ഇവിടെ വളരുന്നുണ്ടെന്നറിഞ്ഞു. അതിനെ കാണണമെന്നൊരാശ.

www.malankaralibrary.com

വർക്കി: പലഭദിക്കിൽനിന്നുമുള്ള അനാഥക്കുട്ടികളെ ഞങ്ങളിവിടെ പോററി വളർത്തുന്നുണ്ട്. വിവരം പറഞ്ഞാൽമതി ശെമ്മാശ്ശൻ കാണിച്ചുതരും.

മധ്യവയസ്കൻ: എന്നാൽ ഞാൻ— (കൈകൂപ്പുന്നു)

വർക്കി: ദൈവം അനുഗ്രഹിക്കട്ടെ.

(ശെമ്മാശനും മധ്യവയസ്കനും പോകുന്നു)

(വർക്കിയച്ചൻ അകത്തേക്കു ഏതാനും ചുവടുകൾ വയ്ക്കുമ്പോഴേക്കു് ഒരു അല്മായൻ പുറത്തേക്കു വരുന്നു.)

അല്മായൻ: (മുൻവശത്തേക്കു മാററിനിർത്തി വർക്കിയച്ചനോട് രഹസ്യമായി) വർക്കിയച്ചാ. തോമസച്ചൻ കൊണ്ടുപിടിച്ച് എതിർ പ്രചാരണമാ.

വർക്കി: മനസ്സാക്ഷിക്കനുസരിച്ച പ്രവർത്തിക്കുവാനുള്ള സ്വാതന്ത്ര്യം എല്ലാവർക്കുമില്ലേ?

അല്മായൻ: വട്ടശ്ശേരിൽ തിരുമേനിയെയും സമുദായത്തേയും വഞ്ചിക്കരുതെന്നാ പ്രചരണം.

വർക്കി: ആരും ആരെയും വഞ്ചിക്കുന്ന പ്രശ്നമില്ല ഇതിൽ. ഒരു മാസമായി സന്ധ്യാപ്രാർഥനയ്ക്കുശേഷം ഈവാനിയോസ് തിരുമേനി എടുക്കുന്ന ക്ലാസ്സുകളിൽ മാതൃസഭയുമായി യോജിക്കുന്നതിന്റെ യുക്തി വ്യക്തമാക്കിയിട്ടുണ്ട്.

അല്മായൻ: സത്യവും ന്യായവും ഒന്നുമല്ലല്ലോ ഇവർ പറയുന്നതു്.

വർക്കി: വട്ടശ്ശേരിൽ തിരുമേനിയോടു മാർ ഈവാനിയോസ് തിരുമേനിക്കുള്ളപോലെ ഒരു ആത്മബന്ധം വേറെ ആർക്കുമില്ല. പക്ഷേ സത്യത്തെ സമാശ്ലേഷിക്കുവാൻ വ്യക്തിബന്ധങ്ങൾ തടസ്സമാകാൻപാടില്ല.

അല്മായൻ: ഈവാനിയോസ് തിരുമേനിയുടെ സ്വന്തം പരിശ്രമത്താലുണ്ടാക്കിയ ഈ ആശ്രമവും നൂറുകണക്കിനു് ഏക്കർ വരുന്ന പുരയിടവും ബെഥനിപ്പള്ളി

www.malankaralibrary.com

കളും വിട്ടുപേക്ഷിച്ചുപോകുന്നതാണ് എനിക്കു മന സിലാകാത്തത്.

വർക്കി: ബെഥനി സ്ഥാപനങ്ങളുടെ പ്രവർത്തനത്തിൽ കലഹപ്രീയരായ സമുദായ പ്രമാണിമാർ ഇടപെട രുതു എന്നു കരുതിയാണ് തിരുമേനി അതിനു സ്വ തന്ത്രനില കല്പിച്ചത്. ഇതു സഹിക്കാത്ത ചില പ്രമാണിമാരുടെ പ്രേരണയിലാണ് ദീവന്നാസി യോസ് തിരുമേനി ബഥനിപ്പള്ളികൾ മുടക്കിയ ത്.

അല്മായൻ: അതിനു നമ്മൾ ഇതെല്ലാം ഇട്ടെറിഞ്ഞു പോകണമോ?

വർക്കി: നമ്മൾ വെറുംകൈയോടെവന്നു. വെറും കൈ യ്യോടെ പോകുന്നു. സമുദായത്തിൻെറ സ്വത്തുക്കൾ റോമായ്ക്കു അടിയറവച്ചു എന്നാരും പറയുകയില്ലല്ലോ.

(ഈ സമയത്തു് മുൻവശത്തു പ്രകാശം മങ്ങുന്നു. പിന്നിട ത്തു് വെളിച്ചം തെളിയുമ്പോൾ തോമസ് അച്ചനും മറെറാരു വൈ ദികനും സംസാരിച്ചുകൊണ്ടു നിൽക്കുന്നു)

തോമസ്: പീലിപ്പോസച്ചാ, താനിങ്ങനെ കിടന്നു വേ വലാതിപ്പെടേണ്ട കാര്യമില്ല. റോമ്മായിൽ ചേരേ ണ്ടവർ പോയി ചേരട്ടെ. താൻ ധൈര്യമായി നിൽക്ക്.

പീലിപ്പോസ്: എന്നാലും ഇതുവരെ സ്നേഹമായി ഒരു മിച്ചു കഴിഞ്ഞവരെ വേർപിരിയണമല്ലോ.

(കണ്ണുതുടയ്ക്കുന്നു)

തോമസ്: അതു് അവർക്കും ചിന്തിക്കാമല്ലോ.

(ചാപ്പലിൽനിന്നും പ്രാർഥനയ്ക്കുള്ള മണിമുഴങ്ങുന്നു. ''പ്രാ ത്ഥനയ്ക്കു സമയമായി'', ''വരൂ പോകാം'' എന്നിങ്ങനെ ചില ശബ്ദങ്ങൾ കേൾക്കാം. രംഗം ഇരുളുന്നു. നിഴലുകൾ ആളുകൾ പുറത്തേക്കു പോകുന്നു. നേരിയ വാദ്യസംഗീതം. രംഗത്തേക്കു വെളിച്ചം ക്രമേണ കടന്നുവരുന്നു. ആളുകൾ ചാപ്പലിൽനിന്നു മട ങ്ങിവന്നു് നിഴലുകൾപോലെ അകത്തേക്കു പോകുന്നതുകാണാം.

www.malankaralibrary.com

മുൻവശത്തു് വെളിച്ചം കേന്ദ്രീകരിക്കുമ്പോൾ വർക്കി അച്ചൻ, അൽമായൻ, ഒരു വൃദ്ധൻ ഇവരെ കാണാം)

അല്മായൻ: അപ്പോൾ നാളെരാവിലെ നാമിവിടം വിട്ടുപോകുകയാണു്.

വർക്കി: കൂനൻ കുരിശിൽ ആലാത്തുകയറുകെട്ടി അതിൽ പിടിച്ചു നമ്മുടെ പൂർവ്വികന്മാർ പണ്ടു് സത്യപ്രതിജ്ഞചെയ്തു. മൂന്നു നൂററാണ്ടുകളോളം നാമതിൻെറ ബന്ധനത്തിലായിരുന്നു. ആ കയറുകൾ പൊട്ടിത്തകരുന്ന നിമിഷം എത്തിയിരിക്കുന്നു.

വൃദ്ധൻ: തിരുമേനി പറഞ്ഞതുകേട്ടില്ലേ? പന്ത്രണ്ടുമണിവരെ അദ്ദേഹം ചാപ്പലിൽ ഉണ്ടായിരിക്കും. അതിനോടകം ആരൊക്കെയാണു കൂടെ ചെല്ലുന്നതു് എന്നു് അറിയിക്കണം.

അല്മായൻ: ഞാനുണ്ടു്.

വൃദ്ധൻ: ഞാനും.

വർക്കി: പീലിപ്പോസ് അച്ചൻ എവിടെ?

(രംഗം ഇരുളുന്നു. പിന്നെ ക്രമേണ തെളിയുമ്പോൾ പിന്നിടത്തു കേന്ദ്രീകരിക്കുന്നു. അപ്പോൾ പീലിപ്പോസ് അച്ചൻ ചിന്താഭരിതനായി നിൽക്കുന്നതു കാണാം.

വർക്കി: (അടുത്തേക്കുചെന്നു്) പീലിപ്പോസച്ചാ!

പീലിപ്പോസ്: (വർക്കിയച്ചനെ നോക്കുന്നു. ഒന്നും പറയുന്നില്ല. കണ്ണു തുടക്കുന്നു.)

വർക്കി: തിരുമേനി പറഞ്ഞതുകേട്ടില്ലേ? പന്ത്രണ്ടുമണിക്കുള്ളിൽ തീരുമാനം അറിയിക്കണം എന്നു്.

പീലിപ്പോസ്: എനിക്കു...വരാൻ പററില്ലച്ചാ. അച്ചനറിയാമല്ലോ എൻെറ ചിററപ്പൻ ഒരച്ചനുള്ളതു്. അദ്ദേഹം മരണശയ്യയിൽ കിടക്കുകയാണു്. ഞാൻ റോമായിൽചേരാൻ അനുവാദം ചോദിച്ചപ്പോൾ ''എന്നെവിട്ടു പോകല്ലേ മകനേ'' എന്നുപറഞ്ഞു കെട്ടിപിടിച്ചുകരഞ്ഞു. ഈ നിലയിൽ ഞാൻ എങ്ങനെ വരും?

www.malankaralibrary.com

അലക്സ്മായൻ: (അടുത്തേക്കുവന്നു് ക്ഷുഭിതനായി) വട്ടശ്ശേരിൽ തിരുമേനിയെവിട്ടു മാർ ഈവാനിയോസ് തിരുമേനി പോകുന്നതിലും വലുതാണോ അച്ചന്റെ പ്രശ്നം? ഞങ്ങൾ അല്മായക്കുള്ളതിൽ അധികമാണോ നിങ്ങൾ അച്ചന്മാർക്കു് ഉള്ള ബന്ധങ്ങൾ?

വർക്കി: (ഇടത്തെകൈകൊണ്ടു് അല്മായനെ വിലക്കിക്കൊണ്ടു്) പീലിപ്പോസച്ചൻ അദ്ദേഹത്തിന്റെ മനസ്സാക്ഷി അനുസരിച്ചു് പ്രവർത്തിക്കട്ടെ. വരാനോ വരാതിരിക്കാനോ ഉള്ള സ്വാതന്ത്ര്യം ആശ്രമാധിപനായ തിരുമേനി നൽകിയിട്ടുണ്ടല്ലോ.

പീലിപ്പോസ്: (നിസ്സഹായനായി) എന്റെ ആഗ്രഹം പോലെ പ്രവർത്തിക്കുവാൻ എനിക്കു കഴിയുന്നില്ലച്ചാ: (വിഷാദഭരിതനായി നടന്നുപോകുന്നു)

(തോമസ് അച്ചൻ പ്രവേശിക്കുന്നു. നിൽക്കുന്നതു് ആരെന്നു മനസ്സിലാക്കിയശേഷം അകത്തേക്കു നീങ്ങുന്നു. മധ്യത്തിൽ എത്തുമ്പോഴേക്കു തോമാച്ചാ. എന്നു വർക്കിയച്ചൻ വിളിക്കുന്നു. തോമസച്ചൻ നിന്നു. ഇപ്പോൾ വെളിച്ചം രംഗമധ്യത്തിൽ കേന്ദ്രീകരിച്ചിരിക്കുന്നു.

വർക്കി: (അടുത്തുചെന്നു്) തിരുമേനി പറഞ്ഞതുകേട്ടില്ലേ? എന്തു തീരുമാനിച്ചു?

തോമസ്: രണ്ടു വഴികളുള്ളപ്പോൾ ഏതാണു തിരഞ്ഞെടുക്കേണ്ടതു് എന്നു തീരുമാനിക്കണം. എന്റെ മുമ്പിൽ ഒരു വഴിയേ ഉള്ളൂ.

വർക്കി: അപ്പോൾ വരുന്നില്ല?

തോമസ്: ഇല്ല

വർക്കി: ഒരു മാസമായി തിരുമേനിയുടെ ക്ലാസ്സുകളിൽ നിന്നു ഒഴിഞ്ഞു നടക്കുന്നതു കണ്ടപ്പോഴേ ഞാൻ ഊഹിച്ചു.

തോമസ്: ആ ക്ലാസ്സ് സെറാമ്പൂർ മുതൽ നമ്മൾ കേൾക്കുന്നതല്ലേ?

www.malankaralibrary.com

വർക്കി: എന്നിട്ടും തോമ്മാച്ചനു മാററമില്ലല്ലോ.

തോമസ്: സമുദായത്തേയും മേലധികാരികളെയും വഞ്ചിക്കുവാൻ ഞാൻ ഒരുക്കമല്ല.

അലമായൻ: (മുന്നോട്ടുവന്നു സ്വരമുയർത്തി) വൃത്തികേടു പറയരുത്. അപ്പോഠം ഞങ്ങഠം വഞ്ചകന്മാരാണോ? (വർക്കി അലമായനെ പുറകോട്ടു മാററുന്നു) അച്ചനു വല്ല കള്ളലാക്കും കാണുമായിരിക്കും. ഞങ്ങഠംക്കതില്ല.

വർക്കി: തോമ്മാച്ചാ, മിഡിൽസ്കൂഠം മുതൽ ഒരുമിച്ചു പഠിച്ച് ഒരേ സമയം സെമിനാരിയിൽ ചേർന്ന് ഒരേ ദിവസം പട്ടം കിട്ടി ഇന്നുവരേ ഒരുമിച്ചു ജീവിച്ചവരാണ് നമ്മഠം. (സഗദ്ഗദം) ഇന്നു നമ്മഠം വേർപിരിയുന്നു.

(കെട്ടിപ്പിടിക്കുന്നു. ഇരുവരുടെയും കണ്ണുകഠം നിറഞ്ഞൊഴുകുന്നുണ്ട്. രണ്ടുപേരും അങ്ങോട്ടും ഇങ്ങോട്ടും പേർ വിളിച്ചു. ഒരു നിമിഷം അങ്ങനെ നിന്നശേഷം കണ്ണുതുടച്ചുകൊണ്ട് അവർ അകലുന്നു. തോമസ് അല്പം കഴിഞ്ഞു പീലിപ്പോസ് അച്ചൻെറ അടുത്തേക്കു നീങ്ങി എന്തോ രഹസ്യം പറയുന്നു)

വൃദ്ധൻ: നമ്മുടെ താസീൽദാരുടെ മകൻ ശെമ്മാശ്ശൻ വന്നില്ലല്ലോ.

അലമായൻ: അയാഠം പ്രമാണിയല്ലേ? മകനെ പിന്നോക്കംപിടിച്ചുകാണും.

വക്കി: (ആലോചിച്ച്) ഇല്ല. ശെമ്മാശ്ശൻ വരും. നാളെ രാവിലെ വരെ സമയമുണ്ടല്ലോ.

(പ്രായം കുറഞ്ഞ ഒരു ശെമ്മാശൻ പ്രവേശിക്കുന്നു. ദുഃഖത്തോടെ വക്കിയച്ചൻെറ അടുത്തേക്കു നടന്നു. അടുത്തുചെന്ന് തേങ്ങുന്നു)

വക്കി: (ശെമ്മാശൻെറ തോളിൽ കൈവച്ചുകൊണ്ട്) എന്താ മോനേ?

ബാലൻ: എനിക്ക്...ഞാൻ...വരുന്നില്ലച്ചോ.

വക്കി: (സമാശ്വാസിപ്പിച്ച്) മോൻ കരയാതിരിക്കു.

ബാലൻ: അപ്പച്ചൻ ആദ്യം സമ്മതം തന്നതാ. പിന്നെ വ

www.malankaralibrary.com

ല്ല്യതിരുമേനി അപ്പച്ചനെ വിളിച്ച് വിടരുതെന്നു പറഞ്ഞു. കുറച്ചുമുമ്പേ ആളുവന്നു പറഞ്ഞേച്ചുപോയി (കരയുന്നു)

വക്കി: മോൻ വിഷമിക്കാതെ. അച്ചൻ പ്രാത്ഥിക്കാം. സ്വന്തമായി തീരുമാനമെടുക്കാറാകുമ്പോഠം മനസ്സാക്ഷിപറയുമ്പോലെ ചെയ്യൂ. (ബാലൻ പോകുന്നു)

(ആദ്യം കണ്ട ശെമ്മാശൻ പ്രവേശിക്കുന്നു)

ശെമ്മാശ്ശൻ: വക്കിയച്ചാ, അനാഥക്കുട്ടികഠം പലരും നമ്മഠം പോകുന്നതറിഞ്ഞു വാവിട്ടു കരയുന്നു. അവരെ ഉപേക്ഷിച്ച് എങ്ങനെ പോകും?

വക്കി: നമ്മഠം തന്നെ അനാഥന്മാർ. (ആലോചിച്ച്) ആ ദൈവം ഒരു മാഗ്ഗം കാട്ടിത്തരാതിരിക്കുകയില്ല. കൂടെകൊണ്ടു പോരട്ടയോ എന്നു തിരുമേനിയോടു ചോദിക്കുക.

(ശെമ്മാശൻ പോകുന്നു)

(ഒരു സാധു പ്രവേശിക്കുന്നു. തോമ്മാച്ചൻ അയാളുടെ അടുത്തേക്കു നീങ്ങി എന്തോരഹസ്യം പറയുന്നു. ശെമ്മാശൻ വീണ്ടും പ്രവേശിക്കുന്നു)

ശെമ്മാശ്ശൻ: അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെ നാം കൊണ്ടുപോകണമെന്നു തിരുമേനി പറഞ്ഞു (അല്പനേരത്തെ നിശ്ശബ്ദത) നാളെ കൂടെ ചെല്ലുന്നുഎന്നു പലരും തിരുമേനിയെ അറയിച്ചുകൊണ്ടിരിക്കുന്നു.

(രംഗം ഇരുളുന്നു. എല്ലാവരുടെയും മനസ്സിൽ തിരുമേനിയുടെ ശബ്ദം മുഴങ്ങുന്നു.)

''ഈ ബെഥനിയിൽ നിന്നു് നാളെ രാവിലേ തന്നെ ഇറങ്ങുവാൻ നാമും മാർ തെയോഫിലോസും കൂടി തീരുമാനിച്ചു കഴിഞ്ഞു എന്ന വിവരം നിങ്ങളെ അറിയിച്ചുകൊള്ളുന്നു. ഞങ്ങളോടുകൂടെ ഇവിടെനിന്നും ഇറങ്ങി കത്തോലിക്കാസഭയോടു പുനരൈക്യപ്പെടുന്നതിനു് സന്നദ്ധതയുള്ളവർ വിവരം ഈ രാത്രി 12 മണിക്കു മുമ്പു് നമ്മെ അറിയിക്കണം. ഞങ്ങളോടൊന്നിച്ചു വരുന്നതിനോ വരാതിരിക്കുന്നതിനോ ഉള്ള പരിപൂർണ്ണ സ്വാതന്ത്ര്യം ആശ്രമാധ്യക്ഷൻ ആ

www.malankaralibrary.com

യ നാം നല്കുന്നു രാത്രി 12 മണി വരെ ഈ ചാപ്പലിൽ നാം ഉണ്ടായിരിക്കുന്നതാണു്''

(രംഗത്തു മങ്ങിയ വെളിച്ചം പരക്കുന്നു. ഭാണ്ഡക്കെട്ടുകളുമായി ആളുകൾ പുറത്തേക്കു പോകുന്നതുകാണാം. പ്രകാശം തെളിയുമ്പോൾ ചെറിയ ഭാണ്ഡങ്ങളുമായി അല്മായൻ, വൃദ്ധൻ, ശെമ്മാശ്ശൻ, വർക്കിയച്ചൻ എന്നിവരെ കാണാം. അല്പം മാറി ബാലനും പീലിപ്പോസ് അച്ചനും നിൽക്കുന്നു, എല്ലാവരുടെയും മുഖത്തു് വികാരത്തിൻെറ വേലിയേററം കാണുന്നു. ചിലരുടെ കണ്ണുകളിൽ മുത്തുമണികൾപോലെ കണ്ണുനീർത്തുള്ളികൾ തിളങ്ങുന്നു )

വക്കി: പ്രയാണം ആരംഭിക്കുകയായി.

ബാലൻ: വക്കിയച്ചാ! (ഓടിവന്നു കെട്ടിപ്പിടിച്ചു കരയുന്നു)

വക്കി: കരയാതിരിക്കൂ. മോനെ ദൈവം അനുഗ്രഹിക്കും. (തിരിഞ്ഞു പീലിപ്പോസ് അച്ചനെ നോക്കി) പീലിപ്പോസച്ചാ!

പീലിപ്പോസ്: (അടുത്തുചെന്നു വർക്കിയച്ചനെ ആലിംഗനം ചെയ്തു പൊട്ടിക്കരയുന്നു)

വക്കി: (ആലിംഗനത്തിൽ നിന്നു മോചനം പ്രാപിച്ച്) ഞങ്ങൾ പോട്ടേ?

പീലിപ്പോസ്: (കണ്ണുകൾ തുടച്ചുകൊണ്ടു തലയാട്ടുന്നു)

അല്മായൻ: തിരുമേനിമാർ?

വക്കി: നേരേ ചാപ്പലിൽ വരും. എല്ലാവരും കൂടി പ്രാർത്ഥിച്ചിട്ടു നാം വള്ളക്കടവിലേക്കു പോകും.

ശെമ്മാശ്ശൻ: അനാഥക്കുട്ടികളെയുംകൊണ്ടു് ഏതാനും സാധുക്കൾ പുറപ്പെട്ടു കഴിഞ്ഞു

അല്മായൻ: താസീൽദാരുടെ മകൻ വന്നില്ലല്ലോ.

വൃദ്ധൻ: വിളിക്കപ്പെട്ടവർ വളരെ. തെരഞ്ഞെടുക്കപ്പെട്ടവർ ചുരുക്കം.

വർക്കി: തോമസച്ചൻ എവിടെ?

(അകത്തുനിന്നു് ഒരു ഞരക്കത്തിൻെറ ശബ്ദം ശക്തിപ്രാപിച്ചുവരുന്നു. ''എൻെറ കർത്താവേ! എനിക്കു വയ്യേ! അമ്മേ, ഈശോ'' എന്നിങ്ങനെ ചില ആക്രന്ദനങ്ങൾ ഉയർന്നു കേൾക്കാം. എല്ലാവ

www.malankaralibrary.com

ങ്ങും അമ്പരക്കുന്നു. ശെമ്മാശ്ശൻ, വർക്കിയച്ചൻ, ബാലൻ ഇവർ അകത്തേക്കോടുന്നു. "അയ്യോ! വയററുവേദന സഹിക്കാൻ വയ്യായേ" എന്നൊരു നിലവിളി ഉച്ചത്തിൽ കേൾക്കുന്നു )

അല്മായൻ: തോമസച്ചന്റെ ശബ്ദമാണല്ലോ.

(പീലിപ്പോസ് അച്ചൻ മടിച്ചു് മടിച്ചു് അകത്തേക്കു പോകുന്നു. അകത്തു് വർക്കിയച്ചന്റെ ശബ്ദം. "തിരുമേനിയെ വിളിക്കൂ, പ്രാത്ഥിക്കാൻ" തുടന്നു് അവ്യക്തമായ ചില സംസാരങ്ങൾ.)

(തമ്പികുഞ്ഞും ശെമ്മാശ്ശനും പ്രവേശിക്കുന്നു. അകത്തെ ശബ്ദങ്ങൾ കേട്ടു ശെമ്മാശ്ശൻ അങ്ങോട്ടുപോകുന്നു)

അല്മായൻ: (തമ്പികുഞ്ഞിനോടു്) മാവേലിക്കര നിന്നല്ലേ?

തമ്പി: അതെ.

അല്മായൻ: ഞങ്ങൾ വിചാരിച്ചു വരില്ലെന്നു്.

തമ്പി: കോഴഞ്ചേരിൽ എത്തിയപ്പോൾ രാത്രിയായി. ഒരു കൊച്ചു വള്ളം വിളിച്ചു ഒരു കണക്കിനു നേരം വെളുക്കമ്മുമ്പു കടവിൽ എത്തി. ഉടൻ തന്നെ കുന്നുകയറി വരികയായിരുന്നു.

(പീലിപ്പോസച്ചൻ ഒരു ഭാണ്ഡക്കെട്ടുമായി പുറത്തേക്കു വരുന്നു. ആരെയും ശ്രദ്ധിക്കുന്നില്ല. എന്തോ തീരുമാനം എടുത്തമട്ടുണ്ടു്. വക്കിയും ശെമ്മാശ്ശനും കടന്നുവരുന്നു)

വക്കി: പെട്ടന്നുണ്ടായതാ. തിരുമേനി മടങ്ങിവന്നു പ്രാർത്ഥിച്ചു. അല്പം ശമനം തോന്നുന്നു. കൊച്ചുശെമ്മാശ്ശനെ നമ്മൾ ഇവിടെ നിത്തിയിട്ടാ പോകുന്നതു്. തോമ്മാച്ചനു സുഖമാകും വരെ അയാളിവിടെ നില്ക്കട്ടെയെന്നാണു തിരുമേനിയുടെ അഭിപ്രായം.

ശെമ്മാശ്ശൻ: (പീലിപ്പോസിനെ കാണുന്നു) ആ: പീലിപ്പോസ് അച്ചാ! ഞാൻ യാത്രചോദിക്കുന്നു.

പീലിപ്പോസ്: നാം പിരിയുന്നില്ല!

(എല്ലാവരും ശ്രദ്ധിക്കുന്നു)

പീലിപ്പോസ്: ഞാനും വരികയാണു്. അല്പം മുമ്പുവരെ എനിക്കു തീരുമാനം എടുക്കാൻ കഴിഞ്ഞിരുന്നില്ല.

www.malankaralibrary.com

തന്നെ ഇതുവരെ എതിർത്തിരുന്ന ആ മനുഷ്യനെ ദൈവശാപം പോലെ രോഗം വന്നപ്പോൾ തിരുമേനി അയാൾക്ക വേണ്ടി പ്രാർത്ഥിക്കുന്നതും തന്റെ വാച്ച് സമ്മാനമായി കൊടുത്തശേഷം യാത്ര ചോദിക്കുന്നതും ഞാൻ കണ്ടു. ഈ സംരംഭത്തിനു പിന്നിൽ ദൈവികമായ എന്തോ നന്മയുണ്ട്. എനിക്കതിൽ പങ്കാളിയാകണം. ഞാനും വരുന്നു.

(ശെമ്മാശ്ശൻ യാത്രാനുമതിക്കായി തമ്പിയെ നോക്കുന്നു കൊച്ചുശെമ്മാശ്ശൻ–ഈ രംഗത്തു് ആദ്യം പ്രവേശിച്ച ആൾ–കടന്നു വരുന്നു)

തമ്പി: ഞാൻ ഇവിടെ നിന്നു നിങ്ങളുടെ പ്രയാണം കാണട്ടെ.

വക്കീ: എന്നാൽ—(എല്ലാവരും വികാരമൊതുക്കി നടന്നു നീങ്ങുന്നു. മറയുമ്പു പലരും തിരിഞ്ഞു നോക്കിയ ശേഷം കണ്ണുകൾ തുടയ്ക്കുന്നു. തമ്പിയും കൊച്ചുശെമ്മാശ്ശനും നിർന്നിമേഷരായിനോക്കി നില്ക്കുന്നു)

ശെമ്മാശ്ശൻ: അതാ തിരുമേനിമാർ എല്ലാമുപേക്ഷിച്ച പരദേശത്തേക്ക പോകുന്ന ഗൃഹനായകന്മാരെപ്പോലെ ചാപ്പലിൽ നിന്നിറങ്ങി മുമ്പേ നടക്കുന്നു.

തമ്പി: ഇസ്രയേൽ ജനതയെ വാഗ്ദത്തഭൂമിയിലേക്ക നയിക്കുന്ന മോശയെയും അഹറോനെയും പോലെ.

തമ്പി: (സംഘം നീങ്ങുന്നതനുസരിച്ച കണ്ണിന്റെ ദിശമാററി വീക്ഷിച്ച നില്ക്കുന്നു)

ശെമ്മാശ്ശൻ: (കൈചൂണ്ടി) അതാ, അവർ താഴത്തെ ചാപ്പലും കടന്നു കഴിഞ്ഞു. ഇങ്ങോട്ടു നീങ്ങി നിന്നു നോക്കിക്കേ.

തമ്പി: കക്കാട്ടാറു മുണ്ടൻ മലയുടെ കണ്ണുനീർ പോലെ ഒഴുകുന്നതു വ്യക്തമായി കാണാം.

ശെമ്മാശ്ശൻ: നാലുവള്ളങ്ങൾ കടവിലുണ്ടല്ലോ.

തമ്പി: ഒന്നു ഞങ്ങൾ വന്നതാണ്.

www.malankaralibrary.com

ശെമ്മാശ്ശൻ: അതാ തിരുമേനിമാർ ആററുകടവിൽ എത്തിക്കഴിഞ്ഞു.

തമ്പി: മാർ ഈവാനിയോസ് തിരുമേനി മിഴികളുയർത്തി ഇങ്ങോട്ടു നോക്കി.

ശെമ്മാശ്ശൻ: മുണ്ടൻ മലയെ അവസാനമായി നോക്കുകയാവാം.

തമ്പി: അനുഗ്രഹിക്കുകയും.

ശെമ്മാശ്ശൻ: മൂന്നു വള്ളങ്ങളിലും ആളുകറം കയറിക്കഴിഞ്ഞു

തമ്പി: തിരുമേനി ആംഗ്യം കാണിച്ചപ്പോറം വള്ളങ്ങറം പുറപ്പെട്ടുകയായി.

ശെമ്മാശ്ശൻ: ആ കൈ വീശുന്നതു് ശെമ്മാശ്ശനല്ലേ?

തമ്പി: അതെ. (കൈ വീശുന്നു) പ്രിയപ്പെട്ടവരെ! സത്യത്തിൻെറ തീരം തേടിയുള്ള ഈ യാത്ര നിങ്ങറംക്കു മംഗളകരമായിത്തീരട്ടെ.

(കൈ വീശിക്കൊണ്ടേയിരിക്കുമ്പോറം തിരശ്ശീല മടിച്ചു് മടിച്ചു് ആ കാഴ്ച മറയ്ക്കുന്നു.)

—കർട്ടൻ—

www.malankaralibrary.com

# ഗ്രന്ഥകർത്താവിന്റെ ഇതരകൃതികൾ

---

1 ലഘുസംസ്കൃത ബോധിനി.

2 മലയാളത്തിലെ പരകീയപദങ്ങൾ
(Post Doctoral Thesis)

3 കർപ്പൂരമഞ്ജരി
(പ്രാകൃതഭാഷയിൽ നിന്നു് വിവർത്തനംചെയ്യപ്പെട്ട സട്ടകം)

www.malankaralibrary.com

MALANKARA
LIBRARY

www.malankaralibrary.com

# പ്രയാണം

(മാർ ഈവാനിയോസ് തിരുമേനിയുടെ ജീവചരിത്രത്തെ ആസ്പദമാക്കി രചിച്ച നാടകം)

ഡോ. പി. എം. ജോസഫ് M. A. Ph. D

മാർ ഈവാനിയോസ് ജന്മശതാബ്ദിയാഘോഷങ്ങളുടെ സമാപനത്തിൽ തിരുവല്ലാകത്തീഡ്രലിനോടനുബന്ധിച്ചുള്ള ഓഡിറ്റോറിയത്തിൽ വിജയകരമായി അവതരിപ്പിക്കപ്പെട്ടതു്. തിരുമേനിയുടെ മഹത്തായ സ്വഭാവ വിശേഷങ്ങളിലേക്കും, അക്കാലത്തെ മലങ്കരസഭയുടെയും ക്രൈസ്തവ സമൂഹത്തിൻെറയും പ്രത്യേകതകളിലേക്കും വെളിച്ചം വീശുന്ന വികാരോജ്ജ്വലമായ നാടകം. ഇതിൻെറ കർത്താവു് നടൻ, സംവിധായകൻ, നാടകകൃത്തു്, ഗവേഷകൻ, വിവിധഭാഷാപണ്ഡിതൻ അദ്ധ്യാപകൻ തുടങ്ങി വിവിധ തുറകളിൽ പ്രസിദ്ധനായ ഡോ.പി. എം. ജോസഫ്, എം. ഏ. പി. എച്ച്. ഡി. അവർകളാണു്. വായിച്ചാസ്വദിക്കുവാനും അഭിനയിച്ചുകാണുവാനും ഒരുപോലെ നല്ല കൃതി.

---

വില ക. 6.

www.malankaralibrary.com